Vol. II.) November 1931. (No. 11.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

സംഗതിവിവരങ്ങൾ.

മംഗളാശംസകൾ	321.	ഒരു ഭയങ്കര ശിക്ഷ	342.
നിങ്ങൾ എന്തിനു ഭയപ്പെടുന്നു?	322.	പുണ്യവാൻ കടന്നു കളഞ്ഞു	348.
ശുദ്ധീകരണാത്മാക്കൾ	329.	പൊതുനിയോഗം	349.
പ്രാവുകളിൽനിന്നു പഠിക്കേണ്ടതു്	334.	മുറിവിനു ചികിത്സ	350.
ദൈവസഹായം	339.	കുറിപ്പുകൾ	351.
കുട്ടംബവും ദീപവും	341.		

ഡോക്ടർ പി. ജെ. തോമസ്സ് എം. എ., ബി. ലിറ്റ്., പിഎച്ച്. ഡി. അവർകളാൽ വിരചിതമായ "അപ്പോസ്തോലപാതിരി" എന്ന വിശിഷ്ടഗ്രന്ഥം അച്ചടിച്ചു തയ്യാറായിരിക്കുന്നു. ഒന്നൊന്നരരൂപാ വില. ഡസനു 1-4-0. ഉടൻ എഴുതുക. മാനേജർ തൊകലത്തു്, പഴവിൽ; (പെരിങ്ങോട്ടുകര) Via. തൃശൂർ.

സൌജന്യ ഭാഗ്യക്കുറി.

50 സമ്മാനങ്ങൾ 50

ഓരോരുത്തരും അവരവരുടെ ഭാഗ്യം പരീക്ഷിക്കുവിൻ.

1932 ഏപ്രിൽ 4-ാംനു-ക്കു നറുക്കു എടുക്കുന്നതാകുന്നു.

1931 സെപ്തമ്പർ 1-ാംനു- മുതൽ 1932 മാർച്ച് 26-ാംനു- വരെ ഈ കമ്പനിയിൽനിന്നും രൊക്കവിലക്കു ഒരു ഉറുപ്പികയിൽ കുറയാത്ത സംഖ്യക്കു സാമാനം വാങ്ങിക്കുന്നവക്കു ഉറുപ്പികക്കു ഒരു ടിക്കറ്റു വീതം സൌജന്യമായി കൊടുക്കുന്നതാണ്.

സമ്മാനവിവരം.

1-ാം സമ്മാനം 100 ക. വിലയുള്ള 1 ഗ്രാമഫോണും 6 റ്റ്രോറുകളും.
2-ാം സമ്മാനം 40 ക. വിലയുള്ള ക്ലോക്ക് 1.
3-ാം സമ്മാനം 20 ക. വിലയുള്ള പെട്രൊമാക്സ് വിളക്ക് 1.
4 മുതൽ 10 വരെ 7 സമ്മാനങ്ങൾ 10 ക. വിലയുള്ള സാമാനങ്ങൾ.
11 മുതൽ 25 വരെ 15 സമ്മാനങ്ങൾ 5 ക. ,, ,,
23 മുതൽ 50 വരെ ക. 2-8 0 വിലയുള്ള സാമാനങ്ങൾ.

വി. പീറ്റർ വളവി
പ്രോപ്രൈറ്റർ, വളവി ആൻറു കമ്പനി,
എറണാകുളം.

H. E. MGR. FERNANDES D. D.,

BISHOP OF MANGALORE.



Courtesy Sathianadam.

മംഗലാപുരം മെത്രാനായ നി. വ. ഭി. ശ്രീ. ഡോക്ടർ

വികൂർ റൊസാര്യോ ഫെർണാണ്ടസ്

തിരുമനസ്സുകൊണ്ട്.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨. } നവമ്പർ ൧൯൨൫. { ലക്കം ൧൧.

മംഗളാശംസകം.

മായാ മരുൽ ഭീകര സാഗരത്തിൽ
മോഹാന്ധകാരാവൃതരായി ലോകർ
മാഴ്കീടവേ, തെല്ലുലിവാൻവെട്ടം
നല്കീടമാറാകുക, "ദീപമേ!" നീ.

ജോഷ്വ വളാന്തര.

സത്സാഭിലാഷ നയന സ്പൃഹയായ് ജഗത്തി-
ലുത്സാഹമാന്നപമാശയ ശുദ്ധിയോടെ
സത്സാഹിതീ സരസ ഭാരതിയാൽ ഭിജ്ഞ
വാത്സല്യമേറി വിജയിയ്ക്ക, "കുടുംബദീപം."

പണ്ഡിതർ കെ. ജെ. അലക്സാണ്ടർ.

നാകത്തിന്റെ നിദാനമായ നിഗമം നിത്യേന നിത്യതമായ്
പാകത്തിൽ പ്രഭപൂണ്ടുകൊണ്ടു പരമാനന്ദം പരത്തീടുവോൻ,
ലോകത്തിൻ മണിദീപമായ മിശിഹാ നാഥന്റെ തൃക്കാ
ല്ക്കലെൻ
ശോകത്തിന്റെ തമസ്സു നീങ്ങുവതിനായ് പാഞ്ഞെത്തിടു
ന്നേനഹം.

ആസ്റ്റാണി തൊകലത്ത്.

നിങ്ങൾ എന്തിന് ഭയപ്പെടുന്നു?

ഒരു ദിവസം വൈകുന്നേരം, പ്രാപമൊഴിച്ചു മറ്റെല്ലാ സംഗതികളിലും നമ്മളെപ്പോലെ ആയിത്തീർന്ന നമ്മുടെ ദിവ്യരക്ഷകൻ ക്ഷീണനായി ഭവിച്ചു. ശാന്തമായ ഗെന്നെസ്രത്ത് തടാകത്തിൽ കിടന്നിരുന്ന ഒരു ബോട്ടിൽനിന്ന തീരപ്രദേശത്ത് ക്രൂടിയിരുന്ന ജനക്കൂട്ടത്തോട് അവിടുന്ന കഥാശ്രവണം ഒരു പ്രഭാഷണം നടത്തി. ബദ്ധശ്രദ്ധരായിരുന്ന ആ ശ്രോതാക്കളെ പിരിച്ചയച്ചതിന്റെ ശേഷം അദ്ദേഹം തന്റെ ശിഷ്യന്മാരോട്: "നമുക്ക് തടാകത്തിന്റെ അക്കരെയ്ക്കു പോകാം" എന്നു പറഞ്ഞു. ഈ ചെറിയ യാത്ര അദ്ദേഹത്തിന വളരെ ആവശ്യമായിരുന്ന അല്പ വിശ്രമം നൽകുമായിരുന്നു. എന്നാൽ വഴിമദ്ധ്യേ, നമ്മുടെ ദിവ്യരക്ഷകൻ ഒരു തലയിണമേൽ തലവെച്ചു ഉറങ്ങിക്കൊണ്ടിരിക്കവെ പെട്ടെന്ന ഒരു കാറ്റുണ്ടായി. ശാന്തമായിക്കിടന്നിരുന്ന തടാകത്തിൽനിന്നും തിരമാലകൾ ബോട്ടിൽ അടിച്ചു കയറുവാൻ തുടങ്ങി. ഉടൻ ശ്ലീഹന്മാർ ദിവ്യഗുരുവിനെ ഉണർത്തി "കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ, ഞങ്ങൾ നശിച്ചുപോകുന്നു" എന്നപേക്ഷിച്ചു. ഈശോ എഴുന്നേറ്റു കാറ്റിനും കടലിനും കല്പന നല്കി. ആ കൊടുങ്കാറ്റു തുടങ്ങിയതുപോലെതന്നെ അടങ്ങി. എന്നാൽ ഈ അത്ഭുതം പ്രവർത്തിക്കുന്നതിന മുമ്പായി അവിടുന്ന തന്റെ ശിഷ്യന്മാരെ അവരുടെ വിശ്വാസക്കുറവിനെപ്പറ്റി ശാസിച്ചുകൊണ്ടു ഇപ്രകാരം അരുളിച്ചെയ്തു: "ഓ അല്പ വിശ്വാസികളേ, നിങ്ങൾ എന്തിന് ഭയപ്പെടുന്നു?"

ഇന്നു, അപ്പസ്തോലന്മാരെപ്പോലെതന്നെ വിശ്വാസക്കുറവു നിമിത്തം ഭീരുക്കളായ അനേകം ക്രിസ്ത്യാനികളെ നമുക്കു കാണാൻ കഴിയും. വാസ്തവത്തിൽ, തിരുസ്സഭയിൽ എല്ലാക്കാലത്തും ഇത്തരത്തിലുള്ള ക്രിസ്ത്യാനികൾ ധാരാളമുണ്ടായിരുന്നിട്ടുണ്ട്. എ

ന്നാൽ ഓരോ കാലത്തും ദൈവം, വിശ്വാസസ്ഥിരതയും ദൈവ പരിപാലനയിൽ അചഞ്ചലമായ ഉറപ്പുമുള്ള ഒട്ടേറെ ആളുക ളെ ലോകത്തിനു പ്രദാനംചെയ്യാതിരുന്നിട്ടില്ല. അവർ തങ്ങള ുടെ പ്രവൃത്തിയും വചനങ്ങളുംകൊണ്ടു ബലഹീനരായ സഹോദ രന്മാരെ വിശ്വാസത്തിലും ഈശ്വരപരിപാലനയിലും സ്ഥിരീ കരിച്ചു.

പതിമൂന്നാം ശതാബ്ദത്തിന്റെ ആദിമ ഘട്ടത്തിൽ അസ്സീ സിയിലെ വി. ഫ്രാൻസീസ് ദൈവത്തിന്റെ സമാധാന ദൌ ത്യം ലോകത്തിനായിച്ചു. വാസ്തവത്തിൽ അദ്ദേഹം ഒരു സമാ ധാന ദൂതനായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. "ദൈവം നിങ്ങൾക്കു സമാധാനം നല്കുട്ടെ!" എന്നതായിരുന്നു അദ്ദേഹത്തിന്റെ അ ധരങ്ങളിൽനിന്നു സദാ പുറപ്പെട്ടുകൊണ്ടിരുന്ന അഭിവാദ്യ വാക്യ ങ്ങൾ. അതു ദൈവംതന്നെ അദ്ദേഹത്തിനു അറിയിച്ചുകൊടു ത്തിട്ടുള്ളതാണ്; തന്റെ അനുഗാമികളും തന്നെപ്പോലെ സമാ ധാന ദൂതന്മാരായിരിക്കണമെന്നു ഉപദേശിച്ചുകൊണ്ടു അദ്ദേഹം അവർക്ക് അതിനെ അവകാശമായി കൊടുത്തു.

യൂറോപ്പിലുള്ള ഫ്രാൻസീസ് പുണ്യവാന്റെ ആധുനിക പുത്രന്മാരിലൊരാളാണ് ഫാദർ അത്തനാസി. അദ്ദേഹം മത കാര്യങ്ങളെ ചിന്താവിഷയമാക്കി അനേകം പുസ്തകങ്ങൾ എഴു തിയിട്ടുണ്ട്. ഈയിടെ അദ്ദേഹം "ദൈവത്തിലുള്ള വിശ്വാസം" എന്നൊരു ലഘു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കാലോ ചിതമായ ഒരു വിശിഷ്ട പുസ്തകമാണതെന്നു പത്രലോകം പ്രഘോ ഷണം ചെയ്യുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ അതിന്റെ അ നേകായിരം പ്രതികൾ ചെലവായിട്ടുണ്ട്. വാസ്തവത്തിൽ അത്ത് ഒരു സമാധാന ദൂതൻ തന്നെയാണ്.

ആ അമൂല്യ ഗ്രന്ഥത്തിന്റെ ഒരു സ്വതന്ത്ര വിവർത്തനം കുടുംബവൃത്തത്തിൽ ഖണ്ഡശ്ശഃ പ്രസിദ്ധപ്പെടുത്തുന്നതിനു നിശ്ച യിച്ചിരിക്കുന്നു. "ഭീതിക്കാലമായി ദൈവത്തിൽ ഭയവും അവി ശ്വാസവും കൈക്കൊണ്ടിരുന്ന അനേക ഭീരുക്കൾക്ക് അതു സ മാധാനം നൽകുമാറാകട്ടെ! ഈ ചെറു പുസ്തകം ആത്മസമാ

ധാനവും ദൈവവിശ്വാസവും ജനിപ്പിക്കുന്ന ഒരു പ്രേഷിതനായി ഭവിക്കുന്നപക്ഷം ദൈവത്തിനു സ്തുതിയായിരിക്കട്ടെ! സുന്ദരമായ സ്നേഹത്തിന്റെയും പരിശുദ്ധമായ പ്രത്യാശയുടെയും കേന്ദ്രസ്ഥാനമായ ഭാഗ്യവതിയായ ദേവമാതാവു് ദൈവത്തിൽ സാക്ഷാത്തായ വിശ്വാസം നമുക്കു ലഭിക്കുന്നതിനു സഹായിക്കുമാറാകട്ടെ! ദൈവം നിങ്ങൾക്കു സമാധാനം നല്കട്ടെ!"

പ്രാരംഭം.

"ദൈവഭയമാകുന്ന ജ്ഞാനത്തിന്റെ ആരംഭം." (പ്രാസംഗികൻ ക, ക്വന്നു.) എന്നീ വാക്യം നാം വായിക്കുന്ന ഒന്നാംതരം പുസ്തകങ്ങളിലും നാം കേൾക്കുന്ന പ്രസിദ്ധ പ്രസംഗങ്ങളിലും പല പ്രാവശ്യം ആവർത്തിച്ചിരിക്കുന്നതായി കാണാം. അതു് അതി വിശിഷ്ടമായ ഒരു മുദ്രാവാക്യമാണു്. വാസ്തവത്തിൽ അതു ദൈവവചനമാണു്.

എന്നാൽ ഈ ദൈവവചനമാണു് ഇത്രയധികം ദുഷ്പയോഗിച്ചിട്ടുള്ളതെന്നറിയുന്നതു നമുക്കു വ്യസന ഹേതുകമായിട്ടുള്ളതാകുന്നു. ഇവിടെയും ഇതുപോലെ വേദപുസ്തകത്തിൽ മറ്റുള്ള സ്ഥലങ്ങളിലും ഈ വാക്യത്തിനു, യഥാർത്ഥമായ ജ്ഞാനം ദൈവശുശ്രൂഷയിലടങ്ങിയിരിക്കുന്ന എന്ന അർത്ഥത്തിലാണു് ഉപയോഗിച്ചിരിക്കുന്നതു്. എന്നാൽ ആ വാക്യം അതേപടി എടുക്കുന്നതായാൽ തന്നെയും ഭയത്തിനു, ജ്ഞാനത്തിന്റെ ആരംഭം എന്നേ അർത്ഥമുള്ളൂ! അതിലൊട്ടും കുറ്റമില്ല. ഇങ്ങനെയൊക്കെയാണെങ്കിലും വളരെപ്പേർ ദൈവത്തെ ഒരു കഠിന ഹൃദയനും ദുഷ്ടന്മാരോടു പകരം വീട്ടുന്നതിനു പ്രതിജ്ഞയുള്ളവനും തിന്മചെയ്യുന്നവരെ ശിക്ഷിക്കുന്നതിൽ അതിതല്പരനും പാപികളുടെമേൽ ഇടിത്തീ ഇറക്കുന്നവനുമായി സങ്കല്പിച്ചുവരുന്നു. കഷ്ടം! വേദപുസ്തകം എത്രയോ വ്യത്യസ്തമായ ഒരർത്ഥമാണു്, ദൈവഭയംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നതെന്നു അവർ വിസ്മരിച്ചുകളയുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ അതിന്റെ വ്യാഖ്യാനം കൊടുത്തിരിക്കുന്നതു ഇപ്രകാരമാണു്: "കർത്താവിനെ ഭയപ്പെടുന്നു

നീ അവന്റെ കരുണയെ പ്രതീക്ഷിക്കുകയും . . . അവനെ വിശ്വസിക്കുകയും . . . അവനിൽ ശരണപ്പെടുകയും . . . അവനെ സ്നേഹിക്കുകയും ചെയ്യുക." (൨,൬-൧൦.) അനേക ക്രിസ്ത്യാനികളുടെ ദാസ്യഭീതിയും ഈ ഭയവും തമ്മിൽ എത്രയോ വ്യത്യാസമാണുള്ളത്. അതേ, നല്ലവനായ ദൈവം തന്നെ ഭയത്തോടുകൂടെ ശുശ്രൂഷിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല. "കർത്താവിനു നിങ്ങൾ സന്തോഷത്തോടുകൂടെ ശുശ്രൂഷചെയ്വിൻ." (സങ്കീ. ൯൯,൨) എന്ന പഴയ നിയമത്തിലും "സന്തോഷത്തോടുകൂടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." (൨ കൊറി. ൯,൭.) എന്ന പുതിയ നിയമത്തിലും നാം വായിക്കുന്നുണ്ടല്ലൊ.

"ദൈവം ന്യായവിധിയും നരകവുംകൊണ്ടു പലപ്പോഴും നമ്മെ സൂചിശേഷം വഴിയായി ഭയപ്പെടുത്തുന്നില്ലയോ? ഇത്തരം ഭയപ്പെടുത്തൽ നമ്മിൽ ഭീതിയുണ്ടാക്കാതിരിക്കുമോ" എന്നു പല പ്രാസംഗികന്മാരും പുസ്തകങ്ങളും ഇന്നു പിശ്ചപേഷണം ചെയ്യുന്നുണ്ട്.

വാസ്തവത്തിൽ ദിവ്യരക്ഷകൻ പല പ്രാവശ്യവും ഇപ്രകാരം ഭയങ്കരമായ വിധത്തിൽ ഭയപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതെല്ലാം ആരെപ്പറ്റിയാണു? സർവ്വോപരി നിഗളികളേയും മടിയന്മാരേയും സ്നേഹമില്ലാത്തവരേയും അവിശ്വാസികളേയും കുറിച്ചുതന്നെ.

എന്നാൽ ആ ദിവ്യരക്ഷകന്റെ അതിപ്രിയമുള്ള വിഷയവും ധൈര്യം തന്നെയായിരുന്നു.

ബെത്സ്ലഹേമിൽ ജാതനായ അവിടുന്ന് നിന്നോടും സമസ്ത ലോകത്തോടും അരുളിച്ചെയ്തതു "ഭയപ്പെടണ്ടാ" എന്നീ വാക്യമാണ്.

"എല്ലാവരും എന്റെ പക്കൽ വരുവിൻ." എന്നിങ്ങനെ പൂർണ്ണവിശ്വാസമുള്ള വാക്കുകളാലാണു നീയുംപ്പട്ടെയുള്ള എല്ലാവരേയും അവിടുന്ന് ക്ഷണിക്കുന്നതു. അങ്ങുന്ന് വിശുദ്ധന്മാരേയും ഭക്തന്മാരേയും കളങ്കമില്ലാത്തവരേയും മാത്രമല്ല, അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും കൂടിയാണ് ക്ഷണിച്ചി

രിക്കുന്നതു്.

"മകളെ, ധൈര്യമായിരിക്കുക." (മത്ത. ൯. ൨൨.) എന്നു തന്റെ സഹായം അപേക്ഷിച്ച സ്ത്രീയോടും "മകനേ ധൈര്യമായിരിക്കുക." (മത്ത. ൯, ൨.) എന്നു പക്ഷവാതരോഗിയോടും അവിടുന്നു അരുളിച്ചെയ്തില്ലയോ?

"ധൈര്യപ്പെട്ടവിൻ." (യോഹ. ൧൬. ൩൩) എന്നു അവിടുന്നു തന്റെ ശിഷ്യന്മാരോടു കല്പിക്കുന്നു. അവർ വഴിയായി നിനക്കും തന്റെ ദിവ്യ ഹൃദയാന്തർഭാഗത്തുനിന്നു വരുന്ന അനുശാസനമായി ഈ ദിവ്യോപദേശത്തെ അവിടുന്നു നല്കുന്നു.

അധൈര്യത്തെ നമ്മുടെ കർത്താവു ശാസിക്കുന്നതിൽനിന്നു തന്നെ ധൈര്യത്തിന്റെ ആവശ്യകത എത്രമാത്രമുണ്ടെന്നു അങ്ങു സ്പഷ്ടമാക്കിയിരിക്കുന്നു. അങ്ങു എത്ര പ്രാവശ്യമാണു അധൈര്യത്തെ ആക്ഷേപിച്ചിട്ടുള്ളതു്? "ഓ അല്പ വിശ്വാസികളേ!" (മത്ത. ൧൪. ൩൧.) എന്നീ വാക്കുകളാൽ അഭിസംബോധനം ചെയ്തുകൊണ്ടു അവിടുന്നു, ജീവനെയും ശരീരത്തെയും അടുത്ത ദിവസത്തെയുംപ്പറ്റി ചിന്താകുലരായിരുന്നവരെ ശാസിക്കുന്നു.

"ഓ അല്പ വിശ്വാസികളേ, നിങ്ങൾ എന്തിനു് ഭയപ്പെട്ടു?" (മത്ത. ൮ ൨൬) എന്നു കർത്താവു കടലിനെ ശാന്തമാക്കിയതിന്റെ ശേഷം ശിഷ്യന്മാരെ ആക്ഷേപിക്കുന്നു.

നമ്മുടെ ദിവ്യരക്ഷകൻ വെള്ളത്തിൻമീതെക്കൂടി നടന്നു ബോട്ടിന്റെ അടുക്കൽ ചെല്ലുന്നതു ശ്ലീഹന്മാർ കണ്ടു് ഭയപ്പെട്ടുകരഞ്ഞപ്പോൾ "ധൈര്യപ്പെട്ടവിൻ; ഞാനാകുന്നു, നിങ്ങൾ ഭയപ്പെടേണ്ട" (മത്ത. ൧൪, ൨൭-൩൧) എന്നു അവിടുന്നു അരുളിചെയ്തു. പത്രോസ് കടലിൽക്കൂടി തന്റെ ദിവ്യഗുരുവിന്റെ അടുക്കൽ എത്തുന്നതിനു പുറപ്പെട്ടപ്പോൾ ഭയം നിമിത്തം വെള്ളത്തിൽ ആണ്ടുപോകുന്നതിനു ആരംഭിച്ചു. എന്നാൽ ഈശോ അയാളെ പൊക്കിപിടിച്ചുകൊണ്ടു: "ഓ അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു" എന്നു പറഞ്ഞു

അപ്പമില്ലാഞ്ഞതു നിമിത്തം ചിന്താകുലരായി കാണപ്പെട്ട

ശിഷ്യന്മാരോട്: "ഓ അല്പവിശ്വാസികളേ, നിങ്ങൾ വിചാരിക്കുന്നതു എന്താണു?" (മത്താ. ഫന്നു, വു) എന്നു അവിടുന്നു ചോദിച്ചു.


ഈ വാക്യങ്ങളിലെല്ലാം ദൈവത്തോടുള്ള ഭയത്തെയല്ല പ്രത്യുത ഭയമില്ലാത്ത ധൈര്യത്തേയും പൂർണ്ണഹൃദയത്തോടുകൂടിയുള്ള ആശ്രയത്തേയുംപ്പറ്റിയാണു പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെന്നു തീർച്ചതന്നെ. ഇതുപറഞ്ഞതിൽനിന്നു ധൈര്യവും അവിശ്വാസവും പോലെ ദൈവത്തിനു അപ്രീതികരമായി മറ്റൊന്നുമില്ലെന്നു സിദ്ധിക്കുന്നു.

തന്റെ ദിവ്യഗുരുവിനെപ്പോലെതന്നെ ഈ അപ്രീതിയാൽ നിറഞ്ഞ മ്ശിഹായുടെ ഉത്തമ ശിഷ്യനായ വി. പൌലോസ് ആ തത്വത്തെ ഇപ്രകാരം വിശദീകരിക്കുന്നു: "നിങ്ങൾ വീണ്ടും ഭയപ്പെടേണ്ടതിനു ദാസ്യത്തിന്റെ അരൂപിയെ അല്ല; നാം അബ്ബാ (പിതാവു) എന്നു വിളിക്കുന്ന പുത്രത്വത്തിൻ അരൂപിയെ അത്രെ സ്വീകരിച്ചതു." (റോമ. വു, ഫഭ).

ഈ വചനങ്ങൾ, നാം അനേക പുസ്തകങ്ങളിൽനിന്നും പ്രസംഗങ്ങളിൽനിന്നും അറിഞ്ഞിട്ടുള്ളവയെക്കാൾ എത്രയോ വ്യത്യസ്തമായിരിക്കുന്നു.

ഞങ്ങൾ മേലുദ്ധരിച്ച വാക്യങ്ങൾ നിനക്കു ദൈവത്തിൽ പുത്രനിർവ്വിശേഷമായ ആശ്രയം ജനിപ്പിക്കാൻ ധാരാളം മതിയായിരിക്കുന്നു. എന്നാൽ നമ്മുടെ മനുഷ്യ ബലക്ഷയം ഈ വിഷയത്തെക്കുറിച്ചു സാമാന്യം ഭീരുത്വമായി പെരുമാറിക്കുന്നതിനു നമ്മെ നിർബന്ധിക്കുന്നു. അതുകൊണ്ടു നല്ലവനായ ദൈവത്തിൽ അചഞ്ചലമായ ധൈര്യം ഉറപ്പിക്കേണ്ടതിനു ആവശ്യമായ കാരണങ്ങളെപ്പറ്റി അടുത്ത ലക്കങ്ങളിൽ സവിസ്തരം പ്രതിപാദിച്ചുകൊള്ളാം.





"എന്റെ സഹോദരന്മാരും സ്നേഹിതന്മാരുമായവരേ!
നിങ്ങളും പ്രാർത്ഥിക്കുവാനായി കൂടുന്ന സമയം
എന്നെ ഓർത്തുകൊള്ളണമെ."

— വി. അഫ്രേം.

ശുദ്ധീകരണസ്ഥലത്തിൽ പീഡിപ്പിക്കപ്പെടുന്ന നമ്മുടെ സഹോദരങ്ങൾ.

മരണശയ്യയിൽ കിടന്നു യാതൊരു ആശ്വാസവുമില്ലാതെ വേദനകൾ അനുഭവിച്ചു ഉൗർദ്ധശ്വാസം വലിക്കുന്ന നമ്മുടെ മാതാപിതാക്കളേയും ബന്ധുസഹോദരങ്ങളേയും അത്യന്തം സ്നേഹാദരപൂർവ്വം പരിചരിച്ചു അവരുടെ പീഡകളിൽ അല്പശമനമെങ്കിലും വരുത്തുന്നതിനു സർവ്വദാ നാം ഉൽക്കണ്ഠാപൂർവ്വം പരിശ്രമിക്കുന്നു. എന്നാൽ മരണശയ്യക്കപ്പുറമുള്ള വിശ്വാസത്തിന്റെ തിരുശ്ശീല മാറി ലൗകികവും ശാരീരികവുമായ സകല പീഡകളേയും അതിശയിക്കുന്ന ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയാൽ ബാധിക്കപ്പെടുന്ന നമ്മുടെ ആ സ്നേഹഭാജനങ്ങളെ ഈ മാസത്തിൽ സഭാമാതാവു പ്രത്യേക പരിചരണത്തിനായി നമുക്കു കാണിച്ചുതരുന്നു.

"മലിനീകൃതമായതൊന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല" (വെളി. ൨൧. ൨൭) എന്നു വേദാഗമം നമ്മെ പഠിപ്പിക്കുന്നു. ഇതിൽനിന്നു അല്പപാപങ്ങളോടും മോചിക്കപ്പെട്ട ചാവദോഷങ്ങൾക്കു ചെയ്യേണ്ട പരിഹാരകൃത്യങ്ങളോടുംകൂടി മരണം പ്രാപിക്കുന്നവരുടെ ആത്മാക്കൾ നരകത്തിൽ തള്ളപ്പെടുകയില്ലായെങ്കിലും സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുന്നതിനു മുമ്പായി ഒരു മദ്ധ്യസ്ഥലത്തിൽവെച്ചു പൂർണ്ണമായി ശുദ്ധീകരിക്കപ്പെടുവാൻ ആവശ്യമാണെന്നു തെളിവാകുന്നു. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ചുള്ള ഈ വിശ്വാസം ക്രിസ്തീയസഭാസ്ഥാപനത്തെക്കാൾ പുരാതനമായിട്ടുള്ള ഒന്നാണ്. മരണപ്പെട്ടോരായ പൂർവികന്മാരെ ഉദ്ദേശിച്ചു പ്രാർത്ഥനകളും ബലികളും സമർപ്പിക്കുന്നതിനു അജ്ഞാനികളും കാട്ടാളജാതികളും സഹജാവബോധമായ വാത്സല്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. യൂദന്മാർ ഇന്നും മരിച്ചവരുടെ

നിത്യശാന്തിക്കായി പ്രാർത്ഥനകളും ശുശ്രൂഷകളും അനുഷ്ഠിക്കുന്നു. യൂദമക്കബായ എന്ന മഹാൻ യുദ്ധത്തിൽ മരിച്ച തന്റെ പടയാളികൾക്കായി പ്രധാനാചാര്യനോട് പൂജയർപ്പിക്കുവാൻ ആവശ്യപ്പെട്ടതിനെപ്പറ്റി വി. ഗ്രന്ഥം സ്തുതിക്കുന്നു.

തിരുസഭയിലാകട്ടെ ആദിമകാലങ്ങളിൽതന്നെ ഈ അഭ്യാസവും സ്വീകൃതമായിത്തീർന്നു എന്നു റോമായിലുള്ള ഭൂഗർഭാലയങ്ങളിലെ ലിഖിതങ്ങൾ ഇന്നും വിളിച്ചുപറയുന്നു. ദിവ്യപൂജയുടെ ക്രമത്തിൽ മരിച്ചുവിശ്വാസികളുടെ ആത്മാനുകൂലാർത്ഥം പ്രത്യേക പ്രാർത്ഥന നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതു സ്ലീഹന്മാർതന്നെ പ്രമാണിച്ചിട്ടുള്ളതാണെന്നാണ് വി. ക്രിസോസ്തോമോസു സാക്ഷിക്കുന്നതു്. (Dom. III. Ep. to Phil.) അവിടെ (ശുദ്ധീകരണസ്ഥലത്തിൽ) ബന്ധിക്കപ്പെട്ടിരിക്കുന്നു ആത്മാക്കൾ വിശ്വാസികളുടെ പ്രാർത്ഥനകളും വിശിഷ്യ ദിവ്യപൂജയും വഴിയായി ആനുകൂല്യം പ്രാപിക്കുന്നു എന്നാണ് ട്രെന്റിലെ സാർവ്വത്രിക സൂനഹദോസിന്റെ പഠനം. (Sess. 25.)

ശുദ്ധീകരണസ്ഥലത്തിലെ പീഡാബാധിതരായ ആത്മാക്കൾക്കു സ്വന്ത പ്രവർത്തികളാലോ, പ്രാർത്ഥനകളാലോ, പ്രായശ്ചിത്തങ്ങളാലോ തങ്ങളുടെ പരിഹാരക്കടങ്ങൾ വീട്ടുന്നതിനു സാദ്ധ്യമല്ല. യോഗ്യതകളുടെ കാലം കഴിഞ്ഞുപോയി. ദൈവം അവിടത്തെ സ്നേഹഭാജനങ്ങളായ ഈ ആത്മാക്കളെ എത്രയും വേഗം തന്റെ ഭാഗ്യാനുഭവത്തിൽ അവകാശികളാക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും അവിടത്തെ നീതിക്കു വീട്ടേണ്ടതായ പരിഹാരം നിവർത്തിച്ചല്ലാതെ അവരെ മോക്ഷത്തിൽ സ്വീകരിക്കുന്നതല്ല. തന്നിമിത്തം നിസ്സഹായരായ ഈ കാരാഗൃഹവാസികൾ ലോകത്തിൽ ജീവിച്ചിരിക്കുന്ന നമ്മുടെ നേരെയാണ് സഹായാർത്ഥം കണ്ണുകളും കരങ്ങളും തിരിച്ചു യാചിക്കുന്നതു്. നമ്മുടെ പ്രാർത്ഥനകളും സൽകൃത്യങ്ങളും വഴിയായി അവരെ സഹായിക്കുവും, പരിഹാരക്കടങ്ങൾ മോചിച്ചു കാരാഗൃഹത്തിൽനിന്നു അവരെ സ്വതന്ത്രരാക്കി മോക്ഷത്തിലേയ്ക്കു ആനയിക്കുയും ചെയ്യാം. ഇതു അവർക്കു ഏറ്റവും ഉപകാരപ്രദവും ദൈവത്തിന് അ

ത്യധികം പ്രയാസജനകവുമാണെന്നുള്ള മാത്രമല്ല നമുക്കുതന്നെയും ഇഹത്തിൽ ക്ലേശത്തിലായി അനുഗ്രഹങ്ങളും പരത്തിൽ മഹത്വത്തിന്റെ വർദ്ധനവും ഉളവാക്കുന്നതാകുന്നു.

ശുദ്ധീകരണസ്ഥലത്തിൽ ഉഗ്രവേദനകരം അനുഭവിക്കുന്ന എത്ര ആത്മാക്കളാണ് ലോകത്തിൽ ജീവിക്കുന്ന സുകൃതികരംകൊണ്ട് പ്രത്യക്ഷമായി സഹായം യാചിച്ചിട്ടുള്ളത്! തദനുസരണം ഇവർ എത്ര മഹാമനസ്കതയോടുകൂടിയാണ് പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും അനുഷ്ഠിക്കയും, ബലികളും ധർമ്മങ്ങളും സമർപ്പിക്കയുംചെയ്തുവന്നിരുന്നതെന്നു സുഭാചരിത്രം സാക്ഷിക്കുന്നു. ഇതിനു ആധുനികകാലത്തു സംഭവിച്ചിട്ടുള്ള ഒരു ദൃഷ്ടാന്തം ചുവടെ ചേർക്കുന്നു. ബവേറിയായിൽ ചാം (Cham) എന്ന സ്ഥലത്തുള്ള രക്ഷിതാവിന്റെ സഭവകയായ സന്ന്യാസഭവനത്തിൽ ഫാദർ ജോസഫ് സ്കൂൾ (Schull) എന്നു പേരുള്ള ഒരു വൈദികോത്തമൻ ഫെബ്രുവരി മാസം മരണം പ്രാപിച്ചു. അദ്ദേഹം സുകൃതജീവിതത്തിന്റെ ഉന്നതമാതൃകയായി പരിശോഭിക്കയും വേദപ്രചാരണവേലകൾക്കായി സ്വയം ബലികഴിക്കയുംചെയ്തു ജീവിച്ചിരുന്നതുകൊണ്ടു മരണാനന്തരം ശുദ്ധീകരണസ്ഥലത്തിൽ പ്രവേശിക്കാതെ നേരെ മോക്ഷപ്രാപ്തനായിരിക്കണമെന്നു അദ്ദേഹത്തിന്റെ സ്നേഹിതന്മാരും പരിചിതന്മാരും സുലഭമായി വിശ്വസിച്ചിരുന്നു.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ, ഇന്ന് ലോകത്തിന്റെ ശ്രദ്ധാവിഷയമായിത്തീർന്നിരിക്കുന്ന തെരേസാ ന്യൂമാൻ എന്ന സുകൃതിനി ഒരു ദിവസം പ്രസ്തുത വൈദികന്റെ ആത്മാവു ശുദ്ധീകരണസ്ഥലത്തിലെ അഗ്നിജ്വാലകളാൽ വ്യാവൃതനായി അനിർവചനീയമായ ദുഃഖം അനുഭവിക്കുന്നതു ഒരു ദർശനത്തിൽ കണ്ടു. തെരേസായുടെ ഇടവകയായ കൊനർസ്രൂത്തി (Konersrueth) ലെ വികാരി ഫാദർ നാബർ (Fr. Naber) അദ്ദേഹത്തിന്റെ ആത്മീയപിതാവായ ഫാദർ സ്കള്ളിന്റെ പീഡകളറികയിൽ വളരെ ദുഃഖിച്ചു. ആ വന്ദ്യപിതാവിന്റെ ആത്മാവിനെ ശുദ്ധീകരണസ്ഥലത്തിൽനിന്നു മോചിക്കുവാൻവേ

ണ്ടി ഫാദർ നാബരും അദ്ദേഹത്തിന്റെ സഹായിയായ വൈദികനും മറ്റു സ്നേഹിതന്മാരുംകൂടി വളരെ പ്രാർത്ഥനകളും ഇതര സുകൃത കൃത്യങ്ങളും ദൈവസിംഹാസനത്തിൻ പക്കൽ സമർപ്പിച്ചു അനുഗ്രഹത്തിനായി യാചിച്ചു. തെരേസായും അവളുടെ ഗ്രഹീഡകരും തദുദ്ദേശാർത്ഥം ദൈവനീതിക്കു സമർപ്പിച്ചു.

കുറെ ദിവസങ്ങൾ കഴിഞ്ഞു ഫാദർ നാബരും മറ്റു വൈദികരും അഞ്ചുകായവരം പ്രാപിച്ചിട്ടുള്ള തെരേസാ സ്ത്രീമാന്റെ കട്ടിലിനരികെ നില്ക്കയിൽ അവർ ആദ്ധ്യാത്മിക പാരവശ്യത്തിൽ ഉൾപ്പെട്ട ഉച്ചസ്വരത്തിൽ, "ഫാദർ സ്ലൂം ഇതാ വരുന്നു! ഫാദർ സ്ലൂം ഇതാ വരുന്നു!" എന്നു നിലവിളിച്ചുപറഞ്ഞു. ആ സമയം ചുറും നിന്നിരുന്നവർ അവർക്കു നല്ലപോലെ പരിചയമുള്ള ഫാദർ സ്ലൂം അവർക്കു ഹാർദ്ദമായി കൃതജ്ഞത പറകയും തനിക്കുചെയ്ത ഉപകാരം ഒരിക്കലും വിസ്മരിക്കയില്ലായെന്നു വാഗ്ദാനം ചെയ്കയും ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി തുടർന്നു പ്രാർത്ഥിക്കയും തപക്രിയകൾ അനുഷ്ഠിക്കയും വേണമെന്നു ഉപദേശിക്കയും ചെയ്യുന്ന ആ പുരോഹിതന്റെ സ്വരം തെളിവായി കേട്ട മനസ്സിലാക്കുന്നതിനു സംഗതിയായി. തദനന്തരം തെരേസാ കണ്ണുനീർ ചിന്തിക്കൊണ്ടു "ഞാനും സ്വർഗ്ഗത്തിലേക്കു അങ്ങയെ അനുഗമിക്കുന്നതിനു അനുവദിക്കുക . . . അനുവദിക്കുക." എന്നു തീക്ഷ്ണതയോടെ യാചിക്കുന്നതു കേൾക്കയിൽ ശ്രോതാക്കളുടെ ഹൃദയത്തിലും ദൈവത്തെ കാണ്മാനുള്ള ആഗ്രഹം അത്യധികം വർദ്ധിക്കയുണ്ടായി. ഉടനെ ശുദ്ധീകരണാഗ്നിയിൽനിന്നു മോചിക്കപ്പെട്ട ഫാദർ സ്ലൂള്ളിന്റെ ആത്മാവു പ്രതാപമഹത്വങ്ങളുടെ മദ്ധ്യേ സ്വർഗ്ഗത്തിലേക്കു കരേറുകയും അപ്പോൾ അദ്ദേഹത്തിന്റെ പിതാവും മാതാവും കുടുംബാംഗങ്ങളായ മറ്റുള്ളവരും അദ്ദേഹത്തെ അഭിവാദ്യംചെയ്തു സ്വീകരിക്കുകയും ചെയ്യുന്നതു പ്രസ്തുത സുകൃതിനി ദർശിച്ചു.

നാം രക്തത്താലും, സ്നേഹത്താലും, അനുഗ്രഹലബ്ധിയാലും ആരോടെല്ലാം ബന്ധിക്കപ്പെട്ടുകയും ആരുടെയെല്ലാംനേർക്കു പ്രതിനന്ദി കാണിപ്പാൻ കടപ്പെട്ടുകയും ചെയ്തിരിക്കുന്നുവോ അവ

രിൽ പലരും ഇപ്പോൾ ശുദ്ധീകരണസ്ഥലത്തിൽ കിടന്നു ഉഗ്ര വേദനകളുടെമദ്ധ്യേ നിങ്ങളോടു അനുഗ്രഹവും സഹായവും യാചിക്കുന്നുണ്ടെന്നു നിസംശയം പറയാവുന്നതാണു്. നിങ്ങൾ മോക്ഷത്തിൽ ഒരുപക്ഷേ ചെന്നെത്തിയായിരിക്കുമെന്നു സുലഭമായി ഗണിക്കുന്നവരിൽ പലരും ഈ ക്ലൂട്ടത്തിലുണ്ടായിരിക്കാം. അതേ, നമ്മുടെ വിശ്വാസപ്രകാരം ജീവനുള്ളതാണെങ്കിൽ നാം എങ്ങിനെ അവരെ സഹായിക്കുന്നതിനുവേണ്ടി പരിശ്രമിക്കുവാൻ അവശ്യമാകുന്നു. നമ്മുടെ മാതാപിതാക്കളെയും, സഹോദരീസഹോദരന്മാരെയും, ബന്ധുമിത്രങ്ങളെയും മരണശേഷവും സഹായിപ്പാൻ നമുക്കു സാധിക്കുമെന്നുള്ള ചിന്ത നമുക്കു എത്രയും ആശ്വാസം പ്രദാനംചെയ്യുന്ന ഒന്നാകുന്നു. മരിച്ചവർ ഇല്ലാതായി പോയിട്ടില്ല; പിന്നെയോ, തല്ക്കാലം നമ്മിൽനിന്നു അകന്നിരിക്കുന്നതേയുള്ളൂ. സമയത്തിൽ നാം വീണ്ടും പരസ്പരം യോജിച്ചു ഭാഗ്യമനുഭവിക്കുന്നതിനുള്ള നേരം വരുന്നതുവരെ ശുദ്ധീകരണസ്ഥലത്തിൽ പീഡിപ്പിക്കപ്പെടുന്ന നമ്മുടെ സഹോദരന്മാരെ സഹായിക്കുന്നതിനു താഴെ പറയുന്ന സുകൃതകൃത്യങ്ങൾ അനുഷ്ഠിക്കുന്നതു ഫലപ്രദമാണു്.

1. ദിവസംപ്രതി സന്ധ്യാസമയം ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി പള്ളികളിൽ മണിയടിക്കുന്നതോമ്മിച്ചു എല്ലാ കുടുംബങ്ങളിലും രാത്രിജപങ്ങളോടുകൂടി ശുദ്ധീകരണാത്മാക്കളുടെ ആനുകൂല്യത്തിനായി ഒരു അ. ഒ ന. ജപിക്കണം.

2. തിങ്കളാഴ്ച ദിവസം ശുദ്ധീകരണാത്മാക്കളുടെ ഓർമ്മക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കയാൽ അന്നു കുമ്പാനയിൽ സംബന്ധിക്കയും ഭിക്ഷുക്കൾക്കു ധർമ്മംകൊടുക്കയും ചെയ്യുന്നതു കത്തോലിക്കരുടെ പാരമ്പര്യനടപടിയാണു്.

3. ഒടുവിൽ ഓരോ കുടുംബത്തലവന്റെ മരണദിവസം പ്രത്യേകിച്ചും, സകല മരിച്ചവരുടെ ദിവസവും അതുപോലെ നവമ്പർ മാസവും പൊതുവായും, കുമ്പാനയും അന്നീടായും ചൊല്ലിക്കയും, കുമ്പസ്സാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കയും, പ്രാർത്ഥ

നകളും പ്രാർത്ഥിഞങ്ങളും സാധുസംഹായാർത്ഥം ധർമ്മങ്ങളും ഓരോരുത്തനും യഥാശക്തി നിർവ്വഹിക്കയും ചെയ്യണമെന്നു കൂട്ടുബദീപം എല്ലാ സഹോദരങ്ങളോടും സാദരം യാചിച്ചുകൊള്ളുന്നു.

— ഫാ. ജോ.

പ്രാവുകളിൽനിന്നു പഠിക്കേണ്ടതു്.

"നിങ്ങളും പ്രാവുകളെപ്പോലെ പരമാർത്ഥമുള്ളവരായിരിപ്പിൻ" എന്നു് ക്രിസ്തുനാഥൻ നമ്മോടു ഉപദേശിക്കുന്നു. എന്നാൽ ഇവയുടെ നിഷ്കപടത്വം അഥവാ പരമാർത്ഥത എന്തിലാണു് അടങ്ങിയിരിക്കുന്നതെന്നു് വല്ലവരും ചോദിച്ചേക്കാം. ഈ പ്രശ്നത്തിനു വി. ഫ്രാൻസീസ് ദെസാലെസ് ഇപ്രകാരം ഉത്തരം നൽകുന്നു.

"പ്രാവുകൾ തമ്മിലുള്ള സ്നേഹം അനുകരണീയംതന്നെ. 'എന്റെ പ്രിയൻ മുഴുവനും എനിക്കു്, ഞാൻ മുഴുവനും എന്റെ പ്രിയനു്'. അവൻ എപ്പോഴും എന്നെ സ്മരിക്കുന്നു. ഞാൻ സദാ അവനെ വിശ്വസിക്കയും, അവനെ തൃപ്തിപ്പെടുത്തുന്നതിനു് ശ്രമിക്കയും ചെയ്യും. അവന്റെ സൂക്ഷത്തിനു് എന്നെ മുഴുവൻ കയ്യേൽപ്പിക്കുന്നു' ഇപ്രകാരം ഒരു പ്രാവ് കരുതുന്നു. ഈ സ്നേഹവും വിശ്വാസവും നിഷ്കപടതയും പരിപൂർണ്ണമായി പ്രത്യക്ഷീഭവിക്കുന്നതു് പെൺപക്ഷി പൊരുന്നിയിരിക്കുന്നോ അവസരത്തിലാണു്. മുട്ടകൾ വിരിയുന്നതുവരെ അവയിൽനിന്നു് ആ പക്ഷി മാറുന്നില്ല. പുറത്തുപോയി ഇര തേടണമെന്നുള്ള ആഗ്രഹമേ അതിനില്ല. അതിനെ ഇണപ്പക്ഷി തന്നെ സമ്പൂർണ്ണമായി സംരക്ഷിച്ചുകൊള്ളുമെന്നു് അതു് വിശ്വസിക്കുന്നു. ആൺപക്ഷിയാകട്ടെ, ഈ അവസരത്തിൽ വിദൂരസ്ഥലങ്ങളിൽപോയി ഓരോ ധാന്യങ്ങൾ കൊത്തിക്കൊണ്ടുവന്നു് തന്റെ പ്രിയയ്ക്കു് കൊടുക്കുന്നു. അതിന്റെ ദാഹം ശമിപ്പിക്കുന്നതിനു് ചു

ണ്ടിൽ വെള്ളം കൊണ്ടുവരുകയും ചെയ്യുന്നു."

വിശേഷബുദ്ധിയില്ലാത്ത ഈ പ്രാവുകളിൽ കാണുന്ന പരമാർത്ഥത, അഥവാ വിശ്വസ്തത എത്ര അനുകരണീയം. ആത്മാക്കളുടെ പ്രാണനാഥനായ ആ ദിവ്യപ്രാവിന് അതെ വി. രൂഹാദക്കുദശായ്ക്ക് നമ്മെ മുഴുവനും സമർപ്പിക്കുന്നതു് എത്ര ആശ്വാസപ്രദം. നാം കൗദീയമായിട്ടുള്ളതിനെ ചെയ്യുമ്പോൾ, നമ്മുടെ ആത്മികവും ലൗകികവുമായ സകല ആവശ്യങ്ങളിലും ആ ദയാപരൻ നമ്മെ സഹായിക്കുമെന്ന് പരിപൂർണ്ണമായി വിശ്വസിക്കേണ്ടതല്ലയൊ. സകല പ്രവൃത്തികളും ഈ പ്രാണവല്ലഭനെ സംതൃപ്തിപ്പെടുത്തുന്നതിനായി നാം ചെയ്യുന്നപക്ഷം, ഇണപ്രാവ് തന്റെ സഖിയെ സൂക്ഷിച്ചതുപോലെ നമ്മെയും ആ പരമനാഥൻ സംരക്ഷിക്കാതിരിക്കുമോ? നിശ്ചയമായും അതിലും ഉപരിയായി നമ്മെ പരിപാലിക്കും. "പക്ഷികളേക്കാളും മാഹാത്മ്യമുള്ളവരല്ലയോ നിങ്ങൾ" എന്ന് ദിവ്യരക്ഷകൻ തന്നെ നമ്മോട് ചോദിക്കുന്നു.

ഈ സ്ഥിതിക്ക് നാം കർത്താവിൽ പരിപൂർണ്ണമായി വിശ്വസിക്കാതെ ചെയ്യുന്ന പ്രവൃത്തികൾ ദിവ്യഗുരുവിന് എത്ര അനിഷ്ടകരമായിരിക്കും. "ഈ ശായേ വെറുപ്പിക്കുന്നതും അങ്ങേയ്ക്കുള്ളതെ വേദനിപ്പിക്കുന്നതും വിശ്വാസമില്ലായ്മയാകുന്നുവെന്ന്" ചെറുപുഷ്പവും "ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുന്ന ഒരാത്മാവിന് അദ്ദേഹം എന്തെല്ലാം വരങ്ങൾ നൽകുമെന്ന് ശരിയായി വർണ്ണിക്കുന്നതിന് എനിക്ക് ആർ ശേഷിതരും" എന്ന് വി. തേരേസ്യായും "നാം ദൈവത്തിൽ വിശ്വസിക്കുന്നതനുസരിച്ച് നമ്മെ സംരക്ഷിക്കുന്നു" എന്ന് വി. ഫ്രാൻസീസ് ദെ സാലെസും പറയുന്നതിൽനിന്ന് വിശ്വസ്തതയുടെ ഗുണമെത്രമാത്രമെന്ന് ഏറെക്കുറെ ഊഹിക്കാം. ദൈവസംരക്ഷണയിൽ അവിശ്വസിക്കുന്നവരെ വി. അഗുസ്തീനോസ് ശാസിക്കുന്നു. "ഞാൻ നിങ്ങളോടുകൂടി എപ്പോഴും ഉണ്ടായിരിക്കു"മെന്ന് ദൈവം അരുൾചെയ്തിരിക്കുന്നു. ഇപ്രകാരമുള്ള വാഗ്ദാനം ഒരു വിശ്വസ്തനായ മനുഷ്യൻ ചെയ്തിരുന്നെങ്കിൽ നിങ്ങൾ ഇതു വി

ശ്വസിക്കുമായിരുന്നു. ദൈവം ഇപ്രകാരം വാഗ്ദാനം ചെയ്തിട്ട് നിങ്ങൾ സംശയിക്കുന്നു. പ്രമാദരഹിതനായ ദൈവത്തേക്കാൾ വിശ്വാസാഹ്നനായി മറ്റാരാണുള്ളത് ! അദ്ദേഹം വാക്കുതരികയും അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇവ്വിധമുള്ള ദൈവത്തിൽ പരിപൂർണ്ണവിശ്വാസമില്ലെങ്കിൽ നിങ്ങൾ അദ്ദേഹത്തെ പരിഹസിക്കയാണ് ചെയ്യുന്നത്.

പ്രാവുകൾ പൊരുന്നിയിരിക്കുന്ന അവസരത്തിലാണ് അവയുടെ ഇണപക്ഷികൾ പൂവ്വോപോലെ ശ്രദ്ധയോടുകൂടി അവരെ രക്ഷിക്കുന്നത്. ഏവംവിധമാണ് നമ്മുടെയും സ്ഥിതി. മുട്ടകൾക്കു പകരം നാം അടവയ്ക്കുന്നതു പുണ്യാഭിവൃദ്ധിക്കുള്ള യഥാർത്ഥ അഭിവാഞ്ഛമാണ്. നാം പ്രസ്തുത ആഗ്രഹത്തോടുകൂടി വേല ചെയ്യുമ്പോൾ ദൈവസാഹായ്യം പ്രത്യേകമായി നമുക്കു ലഭിക്കുന്നു. വിശുദ്ധന്മാരുടെ ജീവിതം ഇതിനു സാക്ഷ്യം വഹിക്കുന്നു. അസീസ്സിയിലെ വി. ഫ്രാൻസിസ് പുണ്യാഭിവൃദ്ധിക്കായി തന്റെ മനോജ്ഞമായ മണിമന്ദിരത്തെയും, മൃദുതല്പമേറിയ മെത്തയെയും, ഷഡ്രസഭോജ്യങ്ങളെയും, സന്ത്യജിച്ച്, ഒരു ഭിക്ഷുകന്റെ വസ്ത്രം ധരിച്ചു, "എന്റെ ദൈവം എന്റെ സർവ്വവും" എന്നു പാടിക്കൊണ്ടു നടന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ഹൃദയം സന്തോഷസാഗരത്തിൽ തുടിച്ചില്ലയോ? തന്റെ മനസ്സു സമാധാനസമ്പൂർണ്ണത അനുഭവിച്ചില്ലയോ? ഒരു മഞ്ഞുകാലത്തു വിശുദ്ധൻ നിഷ്പാദുകനായി, നഗ്നത മറയ്ക്കുന്നതിനുമാത്രം വസ്ത്രം ധരിച്ചുനടക്കുന്നതു അദ്ദേഹത്തിന്റെ സഹോദരൻ കണ്ടപ്പോൾ, വിശുദ്ധന്റെ ഒരു ഔൺസ് സേവ്യകണങ്കം വില്ക്കുമോയെന്നു ചോദിക്കുന്നതിനായി ഒരു കുട്ടിയെ ഫ്രാൻസിസിന്റെ അടുക്കൽ പറഞ്ഞയച്ചു. പുണ്യവാനാകട്ടെ മന്ദസ്മിതത്തോടുകൂടെ ഇപ്രകാരം പറഞ്ഞു. "എന്റെ ദൈവവും കർത്താവുമായ ഒരാൾക്കു അതുമുഴുവനും ഞാൻ വിറ്റുവെന്നും അദ്ദേഹം എനിക്കു അതിനു നല്ലവില തന്നുവെന്നും സഹോദരനോടു നീ പോയി പറയുക." കർത്താവിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഒരാത്മാവു അനുഭവിക്കുന്ന സന്തോഷവും സമാധാനവും എത്രമാ

തുമെന്നു കാണുക. "കർത്താവിനെ പൂർണ്ണമായി വിശ്വസിക്കുവിൻ, അവൻ നിങ്ങളെ പോറ്റിക്കൊള്ളും" എന്നായിരുന്നു വി. ഫ്രാൻസീസ് തന്റെ സന്ന്യാസികളെ വേറെ പ്രചാരാർത്ഥം വിദൂരദേശത്തേക്ക് അയച്ച അവസരത്തിൽ നല്കിയിരുന്ന ഉപദേശം.

നാം ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചു പ്രവൃത്തിക്കുമ്പോൾ നമുക്ക് സംഭവിക്കുന്ന വിഘ്നങ്ങൾ തുച്ഛമായി ഭവിക്കുന്നു കഷ്ടതകൾ മധുരതരമായി തോന്നുന്നു. ഭാരം ലഘുവായിതീരുന്നു. "ദൈവത്തിനു തന്നെ മുഴുവൻ സമർപ്പിച്ചു അവന്റെ സംരക്ഷണത്തിനു തന്നെത്തന്നെ ഏൽപ്പിക്കുന്നവൻ തന്റെ കുരിശിന്റെ ഭാരമറിയാതെ ഒരു വാഹനത്തിൽ സുഖമായി യാത്ര ചെയ്യുന്നു" എന്നു വി. ബേസിൽ പറഞ്ഞിട്ടുള്ളതു സ്മരണീയമാണ്. നമുക്കു സംഭവിക്കുന്ന കഷ്ടതകൾക്കൊണ്ടു നാം അസ്വസ്ഥചിത്തരാകേണ്ട ആവശ്യമില്ല. തന്റെ സന്താനത്തെ സ്നേഹസമ്പന്നമായ ചുംബനം നല്കി ലാളിക്കുന്ന ഒരമ്മ തന്റെ കുഞ്ഞിന്റെ സ്നേഹത്തെ പരീക്ഷിക്കുന്നതിനായി ചില മൃദുതരമായ താഡനങ്ങൾ കൊടുക്കുന്നതു പലരും കണ്ടിരിക്കാം. മന്ദഹാസവദനയായ അമ്മയിൽനിന്നു സ്വീകരിച്ച ഈ അടികൊണ്ടു് ആ കുട്ടി ഉപരി സന്തോഷിക്കുന്നു. ഒരു കുഞ്ഞിനു സുഖക്കേടു വരുമ്പോൾ അതിന്റെ അമ്മ കൈപ്പുള്ളതായ ഔഷധം അതിനു കോരിക്കൊടുക്കുന്നു. ഇതു കുടിക്കുന്ന അവസരത്തിൽ ആ കുഞ്ഞു വളരെ വിഷമിക്കുന്നുവെങ്കിലും അനന്തരം അമ്മയുടെ അടുക്കൽ ഓടിച്ചെന്നു മടിയിൽ കയറുന്നു. തന്റെ അമ്മ തനിക്ക് ദോഷകരമായി ഒന്നും ചെയ്യുകയില്ലെന്നുള്ള വിശ്വാസംകൊണ്ടാണ് ആ കുട്ടി അപ്രകാരം ചെയ്യുന്നതു്. ഇതുപോലെതന്നെയാണ് ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്ന ഒരാത്മാവു്, തന്റെ സ്നേഹത്തെ പരീക്ഷിക്കുന്നതിനു ആ സ്നേഹസ്വരൂപൻ ചില കഷ്ടതകൾ അയയ്ക്കുകയും, തന്റെ ആത്മാവിന്റെ ന്യൂനതകളെ പരിഹരിക്കുന്നായി കഷായതുല്യമായ ചില അനർത്ഥങ്ങൾ വരുത്തുകയും ചെയ്യുമ്പോൾ, നിശ്ചഞ്ചലമായ വിശ്വാസ

ത്തോടും സ്നേഹത്തോടുംകൂടി ആ നിത്യപിതാവിന്റെ പക്കൽ ഓടിയെത്തുകയും ശരണം പ്രാപിക്കയും ചെയ്യുന്നതു.

പ്രാവുകളിൽനിന്നു പഠിക്കാനുള്ള മറെറാരു പാഠം വി. അന്തോനീസ് ഇപ്രകാരം ഉപദേശിക്കുന്നു. "ഉന്നത സ്ഥലത്തുള്ള ശിലയുടെ അത്യഗാധമായ വിടവിൽ കൂടു കൂട്ടുന്ന പ്രാവിനെ അനുകരിക്കുക." ഒരാത്മാവ് ഭയം പ്രാപിക്കേണ്ട നിഗ്രഹസ്ഥാനം ഈശോയുടെ പാശ്വഭാഗത്തുള്ള മുറിവല്ലാതെ മറെറാന്നുമല്ല. പല സ്ഥലങ്ങളിൽനിന്നു ശേഖരിക്കുന്ന ഛിന്നഭിന്നമായ പുൽക്കൊടികളാണു് പ്രാവു് കൂടു കൂട്ടുന്നതിനു് ഉപയോഗിക്കുന്നതു്. മനുഷ്യർ ചവട്ടിമെതിക്കുന്ന വിഛിന്നമായ ഈ പുൽക്കൊടികൾ എന്താണു്? അവ, ഈശോയുടെ വിശിഷ്ട ഗുണങ്ങളായ എളിമ, സൌമ്യത, ദാരിദ്ര്യം, പ്രായശ്ചിത്തം, ക്ഷമ, സ്വപരിത്യാഗം, മുതലായവതന്നെ. ലോകം ഇവയെ നിരുപയോഗമായി പരിഗണിക്കുന്നു. എന്നാൽ ഭക്തോത്മാവേ! ഇവ നിനക്കു ഈശോയുടെ ഹൃദയമാകുന്ന ശിലയുടെ അഗാധഗർത്തത്തിൽ കൂടുപണിയുന്നതിനുള്ള ഉപകരണങ്ങളത്രെ."

ഈ പക്ഷിവർഗ്ഗത്തിൽ കാണുന്ന മറെറാരു ഗുണം നിർമ്മലതയാണു്. പ്രാവുകളുടെ തൂവലുകളിൽ എന്തെങ്കിലും അഴുക്കു പറ്റുന്നതായാൽ അവ ഉടനെ വെള്ളത്തിൽ ചാടിക്കുളിച്ചു അവയുടെ സ്വതസിദ്ധമായ ധാവള്യം സൂക്ഷിക്കുന്നു. ഇതുപോലെ നാമും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ആത്മാവിന്റെ ദൈവസ്ഥികമായ നിർമ്മലതയെ പാപപങ്കത്താൽ മലിനീകൃതമാക്കുന്നതിനിടയായാൽ, പാപനഷ്ടീകരണമാകുന്ന ആ ദിവ്യസ്നാനത്താൽ നമ്മുടെ ആത്മാവിന്റെ നിഷ്കളങ്കതയെ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ഇനിയും മറെറ പല സംഗതികളും പ്രാവുകളിൽനിന്നു പഠിക്കാനുണ്ടു്. വിസ്താരഭയത്താൽ തല്ക്കാലം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

– റവ. ജോസഫ് വട്ടപ്പാട്ടു്.

ദൈവസഹായം.

ആൻറണി തൊകലത്ത്.

ദിനേശബിംബത്തെയെടുത്തുയർത്തി-
യനേക ദൂരത്തിലെറിഞ്ഞശേഷം
നിശാന്ധകാരത്തിനിളാതലത്തെ
വശപ്പെടുത്തീ പ്രകൃതിപ്രഭാവം. 1

തണുത്ത മന്ദാനിലനീവിശേഷം
തരുക്കളെച്ചെന്നു മനസ്സിലാക്കി
തമോഭയം ഭ്രതലമെന്നമന്ദം
ശരിയ്ക്കുരച്ചാരവമമ്മരത്താൽ. 2

ചിവീടനപ്പ പ്രമദേനഗാന-
പ്രവീണനായ് മൂളിയ ശബ്ദമപ്പോൾ
ശ്രവിച്ച കണ്ണത്തിനിരുമ്പു കൊല്പൻ
മിനുക്കുവാൻ രാകിയതെന്നു തോന്നി. 3

തമസ്വിയാം പാവക വണ്ടി തൻറെ
വമിച്ച തീജ്വാലകളെന്നവണ്ണം
അനക്ഷണം ഭിക്കുകളാകെ മിന്നാ-
മിനുങ്ങു പാറിക്കളി പൂണ്ടിരുന്നു. 4

നിശാനടീ സഞ്ചാരതഗാനതുല്യം
വിശങ്കമായ് മൂങ്ങ ചിലച്ച മേവി;
അവിടംകൊഴിം മാന്യ പതാകപോലെ
പറന്നു വാവൽക്കുലമങ്ങുമിങ്ങും. 5

സൃഗാലർ രാവാം മഹിളയ്ക്കുമുന്നിൽ
ശ്രീകാലമന്ത്രങ്ങളുരച്ച മെല്ലേ
പുറത്തിറങ്ങി; ത്വരയ്ക്കുമന്നാ-
യകമ്പടിയ്ക്കെത്തിടുവോർ കണക്കേ. 6

ശശാങ്കനം താരമൊരൊറ്റപോലും
തെളിഞ്ഞതില്ലന്ന നഭസ്സലത്തിൽ
കറുത്ത മേഘാളി കരിമ്പടംപോൽ
പരന്നു വാനൊക്കെയിരുണ്ടിരുന്നു. 7

ഇതേവിധം ലക്ഷണമേറ്റ രാവം
നതാംഗിയാളെത്തിയ നേരമീഞാൻ
നടന്നു ഭേഹം വളരെത്തളർന്നി-
ട്ടടുത്തു പെട്ടെന്നൊരു കാനനത്തിൽ. 8

വിശപ്പു, ദാഹം, ഭയമേറെ യാത്ര-
യ്ക്കുഴന്നതാം ക്ഷീണമിവറിനാലെ
നടക്കുവാനറു വിചാരമെന്നാൽ
കടന്നുപോയ് കാട്ടിനകത്തു കഷ്ടം! 9

ഇരുട്ടു പാരം കഠിനം, കരത്തിൽ
വിളക്കുമില്ലേ വഴി കാണ്മതിന്നും
മനുഷ്യസഞ്ചാരമൊട്ടങ്ങി; നാട്ടിൻ-
പുറം വിദൂരം; നിലയെൻറെ കാട്ടിൽ!

II

നിരക്കെ വൃക്ഷങ്ങളം നിറഞ്ഞുമെന്നാൽ
പരക്കെ നിശ്ചേതനയന്നേരവും
ഉറക്കമെന്നുള്ള വനം മനസ്സിൽ
നിറച്ചു ഭീ, യേറെ വിറച്ചു ഭേഹം. 11

തരസ്വി സിംഹാദി മൃഗങ്ങളൊന്നും
ശരിക്കു ചിന്തിച്ചതിലാസ്ഥലത്തെ
ഭരിച്ച ലക്ഷ്യങ്ങളെയാക്കുമൂലം (ത്വ.
കുറഞ്ഞൊരാശ്വാസമണഞ്ഞു വൃത്തി

"വരുന്നതെല്ലാം വരമീശചിത്തം
ശരിയ്ക്കു പൂർത്തിപ്പെടുമെന്തുചെയ്യാം?"
നിനച്ചു ഞാനീവിധമേകവൃക്ഷ-
ച്ചുവട്ടിലോരം വൃഥ പൂണ്ടിരുന്നു. 13

ഒരിക്കലും ചിന്തയിലെത്തിടാത്ത
വരിഷ്ടകല്യാണഭഗേയനാമം
സ്മരിച്ച ഞാനെന്നുടെ വൃത്തിലപ്പോൾ
സ്മരിച്ച ഭീഭത്സ ഭയം നശിപ്പാൻ. 14

"ഭയാനിധേ! രക്ഷക! ദേവ! ലോക-
ത്രയത്തിനും നാഥ! ഇണാംബുരാളേ!
സദയം വനത്തിൻ നടുവിൽക്കളഞ്ഞീ
ഭയാപഹം മേ കനിയേണമേ നീ! 15

"നിനച്ചിടാതിങ്ങനെ നീചനീ ഞാൻ
വനത്തിലായ് മാറ്റമിതിടാതെ
കനത്ത ദുഃഖത്തൊടു നിൻ പദാബ്ജം
നിനയ്ക്കുമെന്നെന്തുണചെയ്കനാഥ! 16

"നടന്നു വല്ലാതെ വലഞ്ഞു, വെട്ട-
മേറ്റപ്പതിനാത്തമിവ്വ കഷ്ടം!
അടുത്തൊരാളെങ്കിലുമില്ല യാത്ര-
യ്ക്കുടുത്തിടുന്നൊരു തിരിയ്ക്കുണം ഞാൻ? 17

"തിരിച്ചുപോവാൻ തുനിയുന്നതായാൽ
തിരിഞ്ഞിടുന്നില്ല കടന്ന മാർഗ്ഗം;
പാരം വിശപ്പുണ്ടതിലേറെ ദാഹാൽ
വരണ്ടിടുന്നൂടെ തൊണ്ടയാറാം 18

മാച്ചുവട്ടികലിതന്നുരാശീ-
ഹരം വരും വേളയടക്കഴിച്ചാൽ
മരം കണക്കായിടുമത്ര ദാഹം
പൊരുത്തിടുമ്പ മമ തന്നുരാനേ! 19

"മഹാ തിരക്കോളിചലത്ത തോണി-
യ്ക്കഹോ സമാനം വിഷമിയ്ക്കുമെന്നിൽ
മഹസ്സിഴം ചന്ദ്രികയാം കടാക്ഷം
സ്പൃഹാനിതാത്മവിയണയ്ക്കുസൗഖ്യം.

"പൊരുത്ത പാപാന്ധതയുള്ളിലായാ-
ലിരുട്ടു മൂത്തുള്ള വനത്തിലെത്തും,
വരും മഹാ സങ്കടമെന്നതിപ്പോ-
ളൊരുത്തമ പാമെനിയ്ക്കു കിട്ടി. 21

"അതാലിവങ്കൽപ്പരിതാപമേറാം
പ്രതാപവാനീശ്വര! വൻകൃടി;
പിതാവെ! നിൻ പുത്രകുമാരനേയും
വൃഥാവിചാരൊല്ല; തുണച്ചിടേണം. ()

"നിനച്ചിടാതീയിവനിങ്ങണഞ്ഞു;
വനത്തിലായെന്നതു പോലൊരിയ്ക്കൽ
മനഷ്യനെത്തും തിയിങ്കലെന്നു-
മെനിയ്ക്കു പാഠത്തിന മാർഗ്ഗമായി. 23

"അഹോ മഹാ ദുഷ്ടനിവൻ പിതാവേ!
ക്ഷമിച്ചിടേണം മമ പാതകങ്ങൾ
തവ പ്രസാദോജ്വലദീപമീഞാൻ
കനിഞ്ഞിലെന്നിനി മേലിലെല്ലാം. 24

"വിശപ്പു ദാഹങ്ങളെഴാതെ വാഴാ-
നശിച്ചിടാം നിന്നുടെ ഭിവ്യഭോഗ്യം;
സപത്നശക്തി പോരായതിനെന്നതാലെൻ
വശത്തിലേകീടുക നിൻ വരങ്ങം! 25

"കഴക്കമെന്യേ വഴികാട്ടിയന്നാ-
കിഴക്കുരാം മൂന്നു നുപക്കമപ്പോൽ
തഴക്കമില്ലാത്തൊരിടത്തിലെത്തി-
ക്കഴുങ്ങുമെന്നിൽ കൃപയാന്നിടേണം. ()

"വനത്തിലിസ്രായേൽ ജനത്തിനപ്പം
കനിഞ്ഞു വർഷിച്ച കൃപകളിപ്പോൾ
അനല്പമാം തൃഷ്ണയുമെൻ വിശപ്പും
മനസ്സലിഞ്ഞാത്ത കളഞ്ഞിടേണം." ()

"മമാംബികേ! മേരീ, തവാത്മനത്തെ
ക്ഷമാനിതം കേട്ടതുപോലെ ചെയ്വാൻ
പ്രമാദഹീനം തവ പുത്രനെന്നും
പ്രമാണമായ്ക്കൊത്തു വസിച്ചിടുന്നു. 28

"ഇവന്റെ കഷ്ടസ്ഥിതി നീക്കുവാൻ നീ
ത്വരിയ്ക്കു മേ, ചൊല്ലുക പുത്രനോടും
ഭവത്സഹായത്തെയിരന്ന വാഴ-
ന്നിവങ്കലല്പം കനിയേണമമ്മേ! 29

"വനത്തെ വാനത്തിന തുല്യമാക്കാ-
നനല്പമാം പാടവമുള്ള മേരീ!
മനസ്വിനീ മൈലേ! മഹാശയേ! മൽ
മനസ്ഥ ദുഃഖങ്ങളൊഴിച്ചിടേണം." ()

പെരുത്ത ദുഃഖത്താടിത്ത വിധം ഞാ-
നിരുന്നു രോദിച്ചു മരച്ചുവട്ടിൽ
ഒരുത്തരും കേൾപ്പതിനില്ലരണ്യ-
പ്രരോദനത്തെ പറയേണമോ ഞാൻ?

ഉയർന്ന ഭാഗ്യന തളർന്ന ദേഹം,
മയപ്പെടാത്തുള്ള മരച്ചുവട്ടിൽ
നയജ്ഞനീശൻ തുണയെന്നറച്ചു
ഭയപ്പെടാതങ്ങു കിടന്നു മെല്ലെ. 32

(തുടരും.)

കുടുംബവും ദീപവും.

(കെ ജെ. ആലച്ചാട്ട്.)

സൂര്യൻ അന്ധകാരത്തെയും 'ദീപം' അജ്ഞാനത്തെയും നീക്കുന്നതെപ്രകാരമാണെന്ന് വിവരിച്ചതിന്റെശേഷം ലേഖകൻ ഇങ്ങിനെ എഴുതുന്നു:-

ഇപ്രകാരമുള്ള ഒരു മഹൽപ്രവൃത്തിതന്നെയാണ് ദീപം ചെയ്യുന്നതും. അതു ദുഷ്ടശിഷ്ടഭേദമെന്യേ ഒന്നുപോലെ തന്നിലുള്ള ഗുണഗണങ്ങളെ എല്ലായിടത്തും വിതരണം ചെയ്യുന്നു. പക്ഷപാതരഹിതമായും നിഷ്കാപട്യത്തോടും അതു ഏതുദേശത്തിനു നിയുക്തമായിട്ടുണ്ടോ അതിനെ നിറവേറ്റുന്നു. ഹാ! വിശേഷബുദ്ധിയില്ലാത്ത ഒന്നു! നിർജ്ജീവമായ ഒന്നു! സകലരേയും അത്ഭുതപ്പെടുത്തുന്നു. അഖിലത്തിനും ജീവൻ കൊടുക്കുന്നു. അഖിലരിലും ലയിക്കുന്നു. സകലരിലും ആനന്ദമുളവാക്കുന്നു. സ്രഷ്ടാവിന്റെ കല്പന നിറവേറ്റുന്നു. സൃഷ്ടികർത്തൃമാതൃകകാണിക്കുന്നു. ഇതല്ലയോ സാക്ഷാൽ ദീപം? ഇപ്രകാരം പൊതുജനഗുണകാംക്ഷിയല്ലയോ നമ്മുടെ 'കുടുംബദീപ'വും? വിജ്ഞാനപ്രദങ്ങളും രസാവഹങ്ങളുമായ അനുകരണീയ സന്മാർഗ്ഗോപദേശങ്ങളടങ്ങിയിട്ടുള്ള ഈ കുടുംബദീപം നിഷ്കപടമായും കൃത്യനിഷ്ഠയോടും സ്വാമിഭക്തിയോടും സ്നേഹത്തോടും പ്രശോഭിക്കുന്നകാലത്തോളവും എല്ലാ കുടുംബങ്ങളിലും ഇതിന്റെ പ്രതികൃതം വരുത്തി വായിച്ച് ജ്ഞാനഫലങ്ങൾ അനുഭവിക്കേണ്ടതാണ്. ദീപം എല്ലാവരേയും സ്നേഹിക്കുന്നു; എല്ലാവർക്കും ഉപകാരത്തെ

ചെയ്യുന്നു. എന്നാൽ നാം ദീപത്തെ ഓർക്കാതിരിക്കുന്നതു ഭംഗിയോ? "പ്രത്യുപകാരം മറക്കുന്ന പുരുഷൻ ചത്തതിനൊക്കുമേ ജീവിച്ചിരിക്കുകയുള്ളൂ." എന്ന പഴഞ്ചൊല്ലിനെ പ്രത്യേകം സ്മരിച്ചും നമ്മുടെ കുടുംബദീപം എപ്പോഴും എരിഞ്ഞുകൊണ്ടിരിക്കുന്നതിനത്യാവശ്യമായ എണ്ണ - സഹായസഹകരണങ്ങൾ - നാം കൊടുത്തുകൊണ്ടിരിക്കേണ്ടതാണെന്നും, എണ്ണയുടെ ദൌർല്ലഭ്യംകൊണ്ടു നമ്മുടെ കുടുംബങ്ങളിലെ ദീപങ്ങൾ ചിലപ്പോൾ കെട്ടുപോകുന്നതുപോലെ ഈ 'കുടുംബദീപം' കെട്ടുനാമാവശേഷമായിപ്പോകാതിരിപ്പാൻ സർവ്വേശ്വരൻ ഇടവരുത്തട്ടെ എന്നും ഞാൻ ആഗ്രഹിക്കുന്നു.

ഒരു ഭയങ്കര ശിക്ഷ.

(ഫാദർ എജീദിയോസ് സി. ഡി.)

വി. പത്രീസ്സിയുടെ പ്രേഷിതരംഗമെന്ന അപരനാമമുള്ള അയർലണ്ടിന്റെ മദ്ധ്യഭാഗത്തായി ഒരു കത്തോലിക്കാ കുടുംബം സ്ഥിതിചെയ്തിരുന്നു. അതിലെ കുടുംബനായകൻ ഒരു സാമാന്യ ഭക്തനും, ദിവസംതോറുമെന്നപോലെ സൽപ്രസാദത്തിൽ മറഞ്ഞിരിക്കുന്ന ദൈവസുതനെ തന്റെ ഹൃദയമാകുന്ന ഭവനത്തിൽ സ്വീകരിക്കുക, വി. കുർബ്ബാന കാണുക, എന്നീ സൽകൃത്യങ്ങളും മുടക്കാതെ നടത്തിവന്നിരുന്ന ഒരുത്തമ കത്തോലിക്കനുമായിരുന്നു. എന്നാൽ ലൗകിക വസ്തുക്കളുടെ വർദ്ധനവ് അയാളെ വഴിതെറ്റിച്ചു സുഖഭോഗങ്ങളുടെ വിസ്തീർണ്ണമായ പാതയിൽക്കൂടി നിർവ്വിശങ്കം നടത്തിത്തുടങ്ങി. അധികതാമസമെന്യേ വി. കുർബ്ബാന കാണുക, സൽപ്രസാദം സ്വീകരിക്കുക, എന്നീ സൽകൃത്യങ്ങളിൽനിന്ന് അയാൾ പാടെ മാറി, തന്നെയല്ല, ക്രമേണ ക്രമേണ കുദാശകളേയും ഒട്ടുവിൽ പള്ളിയേയും ഉപേക്ഷിച്ചു എന്നുപറഞ്ഞാൽ

കഴിഞ്ഞല്ലൊ. നമ്മുടെ കഥാനായകന്റെ ഈ നിർഭാഗ്യസ്ഥിതി കണ്ടുകൊണ്ടിരുന്ന അയാളുടെ ആത്മപാലകൻ ഒരു ദിവസം അയാളെ വിളിച്ചു, "മകനേ, നീ നേർഗതിതെറ്റിയിരിക്കുന്നു. എത്രയും നിർഭാഗ്യമായ ഒരു സ്ഥിതിയിലാണ് നീ ഇരിക്കുന്നത്. ഈ സ്ഥിതിയിൽ നീ അന്ത്യശ്വാസം വിട്ടാൽ നിത്യനരകാഗ്നിയിൽ വീഴാതിരിക്കുകയില്ലാ, നിശ്ചയം. മകനേ! നരകം നിത്യമായിട്ടുള്ളതാകുന്നു. അതിന്റെ ഭീതിയുള്ളിൽ അവതിയില്ലാത്തതുതന്നെ. നിന്റെ പാപവഴിയിലേക്കു തിരിച്ചുവരുക" എന്നിപ്രകാരം ഗുണദോഷിച്ചു. അതിനു അയാൾ "അച്ഛാ! എന്റെ മരണക്കിടക്കയിൽ ഞാൻ എല്ലാം ശരിപ്പെടുത്തിക്കൊള്ളാം. എന്നെക്കുറിച്ചു അച്ഛൻ യാതൊന്നും ഭയപ്പെടണ്ട" എന്നുപറഞ്ഞു ആ വൈദികനെ വിട്ടുപിരിഞ്ഞു.

ഇങ്ങനെ നാളു പലതു കഴിഞ്ഞു. സംഗതികളും മുറയ്ക്കു മുമ്പോട്ടുപോയിക്കൊണ്ടിരുന്നു. ഒരു ദിവസം അയാൾക്ക് ഒരു ഭയങ്കര വ്യാധി പിടിപെട്ടു കിടപ്പിലായി. സംബന്ധികളും സ്നേഹിതർ ആദിയായവർ ഓരോരുത്തരായി അയാളെ സന്ദർശിക്കുകയും വേണ്ട സൽബുദ്ധികളും പറഞ്ഞുകൊടുക്കുകയും ചെയ്തിട്ട് യാതൊരു ഗുണവുമുണ്ടായില്ല. തന്നെയല്ല, അയാൾ അവരോടു, "നിങ്ങൾ എന്താണീപ്പറയുന്നത്! അതു ബുദ്ധിഹീനനാണോ ഞാൻ? നിത്യനിർഭാഗ്യത്തെപ്പറ്റി എനിക്ക് ഭയമില്ലന്നോ? കൊള്ളാം. എന്റെ അന്ത്യം അടുക്കുമ്പോൾ എന്റെ ദൈവവുമായി ഞാൻ രമ്യപ്പെട്ടുകൊള്ളാം. നിങ്ങൾ ഇപ്പോൾ എന്നെ ഉപദേശിച്ചിട്ടു യാതൊരു കാര്യവുമില്ല. ഞാൻ ഈ ദിനത്തിൽ മരിക്കുകയില്ല" എന്നുപറഞ്ഞു അവരെ സമാധാനപ്പെടുത്തി. രോഗിയുടെ അപകടസ്ഥിതിയെപ്പറ്റി അറിഞ്ഞ അയാളുടെ ആത്മപാലകൻ വീണ്ടും വന്ന അയാൾക്കു സൽബുദ്ധികളെ പറഞ്ഞുകൊടുത്തു. അപ്പോൾ അയാൾ തന്നെ സഹായിക്കുന്നതിനു വന്ന തന്റെ ആത്മപാലകനെ പരിഹസിക്കുകയും ശാസിക്കുകൂടെയുംചെയ്തു. ഇതുകളും ക്ഷമയോടെ സഹിച്ചുകൊണ്ടു അയാളുടെ മാനസാന്തരത്തിനുവേണ്ടി ദൈവത്തോടു എരിവോടെ പ്രാ

ത്ഥിച്ചുംകൊണ്ടു വൈദികൻ സ്വഭവനത്തിലേക്കു മടങ്ങി. ഇങ്ങനെ ഇരിക്കുമ്പോൾ അയാൾക്കു ദിനം പെട്ടന്നു വർദ്ധിക്കുകയും മരുന്നു അത്യാസന്നമാകുകയുംചെയ്തു. ഉടനെ അയാൾ "എന്റെ സ്നേഹിതരേ! നിങ്ങൾ പോയി ഒരു വൈദികനെ ക്ഷണത്തിൽ കൂട്ടിക്കൊണ്ടുവരുക" എന്നു നിലവിളിച്ചു. തൽക്ഷണം കിട്ടിയ അവസരം നഷ്ടപ്പെടുത്തരുതെന്നു കരുതി വൈദികനു ആളയച്ചു. അദ്ദേഹം സമയത്തിന്റെ വിഷമതയോ യാത്രാക്ലേശമോ അശേഷം ഗണ്യമാക്കാതെ രോഗിയുടെ ഭവനത്തിൽ ഓടിയെത്തി. ഈ സമയംകൊണ്ടു രോഗിയുടെ സ്ഥിതി സപ്പല്ലം ഒന്നു മാറിക്കണ്ടു. അല്പശാന്തത അയാളുടെ മുഖത്തു പ്രകാശിച്ചു. എന്നാൽ വൈദികനെ കണ്ട ക്ഷണത്തിൽ മുമ്പിലത്തേപ്പോലെ അദ്ദേഹത്തെ ദുഷിക്കുവാനും അപഹസിക്കുവാനും തുടങ്ങി. വൈദികൻ ആശയറ്റവനായി വളരെ സങ്കടത്തോടെ പള്ളിയിലേക്കു തിരിച്ചുപോകുകയുംചെയ്തു. പിറേറ ദിവസം കാലത്തു രോഗിയുടെ സ്ഥിതി തികപ്പാടെ മാറിക്കണ്ടു. മുഖം വിളറി കൈകാലുകൾ മരവിച്ചു. അധരങ്ങൾ ചലനമറ്റവയായി. അന്ത്യശ്വാസം വിടുന്നതിനുള്ള സമയം അടുത്തുവന്നു. ഉടനെ അവിടെ നിന്നിരുന്നവരിൽ ഒരാൾ "ഈ ആത്മാവു് അന്ത്യകൂദാശകൂടി സ്വീകരിക്കാതെ അന്ത്യശ്വാസം വിട്ടല്ലൊ" എന്നു കരുതി സങ്കടപ്പെട്ടു പള്ളിയിലേക്കു ധൃതിയിൽ ഓടി. എന്നാൽ കഷ്ടമേ വൈദികനെ അവിടെയെങ്ങും കണ്ടില്ല. അദ്ദേഹം എവിടെയോ പോയിരിക്കുകയായിരുന്നു. തൽക്ഷണം അയാൾ അടുത്തുണ്ടായിരുന്ന ഒരു പ്രൊട്ടസ്റ്റന്റ് ആശ്രമത്തിലേക്കു ഓടി. നേരം അർദ്ധരാത്രി. ശൈത്യം അതികഠിനം. ആശ്രമവാസികളെല്ലാവരും ഗാഢനിദ്രയിൽ മുഴുകിയിരുന്നു. ഭൃത്തൻ സന്ദർശനമുറി അന്വേഷിച്ചു. ആ ആശ്രമത്തിന്റെ ഭയങ്കര ഭിത്തികളെയെല്ലാം ആ ക്രിയാട്ടത്തു ഒന്നു പരിശോധിച്ചുനോക്കി. യാതൊരു ഫലവും കിട്ടിയില്ല. വേറൊരുപായം അയാൾ ഉടനെ കണ്ടെത്തി. മുറിയുടെ ഒരു ജനലിന്റെ അടുത്തു താഴെ നിന്നുകൊണ്ടു വലിയ സ്വരത്തിൽ "അച്ചന്മാരേ! അച്ചന്മാരേ!

ഒരു മഹാ പാപി അന്ത്യക്രിയാശകർമം ക്രിയാതെ മരിക്കാറായിരിക്കുന്നു. വേഗം വന്നു സഹായിക്കണമെ! എന്നു നിലവിളിച്ചുപറഞ്ഞു. യാതൊരു സ്വരവും ഉത്തരമായി കിട്ടിയില്ല. അയാൾ വീണ്ടും വീണ്ടും ഉറക്കെ നിലവിളിച്ചു. ഫലം നാസ്തി. ഇതുകൊണ്ടും അയാൾ ഭഗ്നാശയനാകാതെ വീണ്ടും സന്ദർശനമുറി അന്വേഷിച്ചു നടക്കുകയിൽ ഒരു മുറിയിൽനിന്നും ജനൽവഴി ഒരു മങ്ങിയ വെട്ടം പുറത്തേക്കു വരുന്നതുകണ്ടു. അതിന്റെ അടിവശത്തു നിന്നു വീണ്ടും ഉറക്കെ നിലവിളിച്ചു. ഉത്തരം യാതൊന്നും കിട്ടായ്കയാൽ അയാൾ ശരണം കെട്ടുകൊണ്ടു വെളിച്ചംകണ്ട മുറിയുടെ ജനൽവാതിലിലോട്ടു കല്ലുകൾ പെറുക്കി എറിയുവാൻ തുടങ്ങി. സ്വല്പം സമയം കഴിഞ്ഞപ്പോൾ ജനലിന്റെ വാതിൽ മുഴുവനായി തുറക്കപ്പെട്ടുകയും അതുവഴിയായി "അയാൾക്ക് പട്ടക്കാരനെക്കൊണ്ടു ആവശ്യമില്ല" എന്നു ആരോ സഗൗരവം പറയുന്നതുകേൾക്കയും ചെയ്തു. ദൂതൻ വളരെ പരിഭ്രമിച്ചുകൊണ്ടു തന്റെ അപേക്ഷയെ വീണ്ടും അലിവുതോന്നിക്കത്തക്കവിധത്തിൽ ഉണർത്തിച്ചു. എന്നിട്ടും ഫലം നാസ്തി. അവസാനം മുമ്പുണ്ടായിരുന്ന ആ സ്വരം വളരെ കർശനമായ വിധത്തിൽ കേൾക്കപ്പെട്ടുകയും അതോടെ ജനൽ വീണ്ടും അടയ്ക്കപ്പെട്ടുകയുംചെയ്തു. പിന്നീടു് ആ സ്വരംകേൾക്കപ്പെട്ടില്ല. ദൂതൻ വളരെ സങ്കടപ്പെട്ടു രോഗിയുടെ വീട്ടിലേയ്ക്കു മടങ്ങുകയുംചെയ്തു. എന്നാൽ ഈ സമയത്തിനുള്ളിൽ രോഗി നിഭൃനായി ഈലോകവാസം വെടിയുകയുംചെയ്തു.

ഒരാളുടെ അന്ത്യസമയത്തു സഹായിക്കുവാൻ പോകാതിരിക്കുക എന്നതു് ഒരു മഹാ കുറ്റമായിട്ടാണു് സഭ വിചാരിച്ചുപോരുന്നതു്. അപ്രകാരം അന്ത്യസഹായത്തിനു വൈമനസ്യം കാണിക്കുന്ന ഒരു വൈദികനെ കഠിനമായി സഭ ശിക്ഷിച്ചുപോരുന്നുണ്ടു്. എന്നിരിക്കെ മുൻപറഞ്ഞ ആശ്രമത്തിലെ വൈദികർ പ്രസ്തുത സഹായത്തിനു് സന്നദ്ധരായി കാണപ്പെടാഞ്ഞതു് കുറ്റകരമാണല്ലോ എന്ന കരുതി ദൂതൻ ഈ വിവരം ദൂതയുടെ മെത്രാനെ ബോധിപ്പിച്ചു. മെത്രാൻ തൽക്ഷണം ആശ്രമ

ത്തിൽവന്ന ശ്രേഷ്ഠനോട് സംഗതി അറിയിച്ചു. എന്നാൽ "ഇ പ്രകാരമൊരു ആഗ്രഹം ആശ്രമത്തിൽ വരുകയാകട്ടെ, അറിയിയ്ക്കു കയാകട്ടെ ചെയ്തിട്ടില്ല" എന്നു അദ്ദേഹം മൊഴികൊടുത്തു. ഇതുകൊണ്ടു തൃപ്തനാകാതെ, ആ ആശ്രമത്തിലെ സകല വൈദികരേയും തന്റെ മുമ്പാകെ വരുത്തി വിസ്തരിച്ചു. അവരുടേയും ഉത്തരം മേൽപറഞ്ഞതുതന്നെ ആയിരുന്നു. ഇതുകൊണ്ടും സംഗതി തെളിയുന്നില്ലെന്നു കണ്ടു് ഭൃത്യനെ വരുത്തി ഏതു മുറിയുടെ വാതുക്കലാണ് വെട്ടം കണ്ടതെന്നും കല്പിറിഞ്ഞതു എവിടെ എന്നും സ്വരം കേട്ടതു് എവിടെനിന്നാണ് എന്നും അറിയിയ്ക്കുണമെന്നു ആജ്ഞാപിച്ചു. ഉടനടി അയാൾ വെളിച്ചം കണ്ട ജനലിന്റെ അടിയിൽ നിന്നുകൊണ്ടു് ഈ ജനൽവാതുക്കൽ നിന്നാണ് സ്വരം കേട്ടതു്, ഞാൻ ഏറിഞ്ഞ പാട്ട് അതാ കാണുന്നു" എന്നു പറഞ്ഞു. ഉടനെ "ആ മുറിയുടെ ഉടമസ്ഥൻ തന്നെയാണ് കുറുക്കാരനായ സന്യാസി; അയാളെ ശിക്ഷിയ്ക്കണം" എന്നു കരുതി മെത്രാൻ ധൃതിയിൽ ആ മുറിയിലേക്ക് കയറിച്ചെന്നു: അഹോ! അതു ഒരു കപ്പേളയായിരുന്നു! ജനലിൽക്കൂടെ കണ്ടവെട്ടം തിരുസന്നിധിയിൽ കത്തിക്കൊണ്ടിരുന്ന വിളക്കിന്റേതായിരുന്നു! ഈ സംഭവം നടന്ന സമയത്തു സന്യാസികൾ ഓരോരുത്തരും തങ്ങളുടെ മുറിയിൽ ഗാഢനിദ്രയിൽ ലയിച്ചിരിക്കുകയായിരുന്നു. പിന്നെ എവിടെ നിന്നാണ് ആ കഠോരസ്വരം കേട്ടതു്. എന്നും മറ്റും നമ്മുടെ മെത്രാൻ ആലോചിച്ചു അത്ഭുതപരതന്ത്രനായി നില്ക്കുകയിൽ സകല വിവരങ്ങളും ദൈവവെളിപാടാലെ അദ്ദേഹം ഗ്രഹിക്കുന്നതിനിടയായി. ഓ! അത്ഭുതമേ! അതു സക്രാരിയിൽ മറഞ്ഞിരിക്കുന്ന ദിവ്യരക്ഷകന്റെ സ്വരംതന്നെ ആയിരുന്നു. "ദൈവികസ്വരത്തെ കേൾക്കാതെ വരപ്രസാദത്തെ നിന്ദാപൂർവ്വം തള്ളിക്കളയുന്നവരോടു് ദൈവം ഇങ്ങനെയാണ് പ്രവൃത്തിക്കുന്നതു്" എന്നു പറഞ്ഞുകൊണ്ടു് മെത്രാനച്ചൻ സ്ഥലം വിട്ടകയും ചെയ്തു.

അതുകൊണ്ടു് ഇതു ദൈവത്തിന്റെ ഒരു ഭയങ്കര ശിക്ഷതന്നെയാകുന്നു. സംശയമില്ല. ദൈവത്തിന്റെ ക്ഷമയെ പരി

ശോധിക്കുകയും വരപ്രസാദങ്ങളെ ഫലിപ്പിക്കാതെ തള്ളിക്കളയുകയും ചെയ്യുന്നവക്ക് ഇതു ഒരു നല്ല പാഠമായിരിയ്ക്കട്ടെ. അന്ത്യസമയത്തു ദൈവമായി രൂപപ്പെട്ടുകൊള്ളാം എന്നുവെച്ചു പാപകരമായ ജീവിതം നയിക്കുന്നവർ നരകശിക്ഷയിൽ അകപ്പെടാതിരിക്കുന്നതു് വളരെ ദുർല്ലഭമാകുന്നു. തങ്ങൾക്ക് ദീർഘായുസ്സുണ്ടെന്നു കരുതി നീചനീചമായി ജീവിക്കുന്ന പാപികളുടെ അന്ത്യം ഇതുപോലെ ഭയങ്കരതരമായിരിക്കും. ജീവിതകാലത്തു് ദൈവികസ്വരത്തിനു ചെവികളെ അടച്ചിരിക്കുന്നവക്ക് അന്ത്യകാലത്തു് വരപ്രസാദത്തിന്റെ ഉറവയും അടയ്ക്കപ്പെട്ടിരിക്കും. "നാളയാകട്ടെ, പിന്നെയാകട്ടെ," എന്നീ പദപ്രയോഗം എത്രപ്പേരെയാണ് നിത്യനരകാഗ്നിയിൽ ചാടിച്ചിട്ടുള്ളതു്! ആകയാൽ സഹോദരങ്ങളേ! നമുക്ക് ദൈവതിരുമനസ്സിനു അനുയോജ്യമായ വിധത്തിൽ ജീവിയ്ക്കാം. ദൈവവരപ്രസാദങ്ങളെ നമുക്ക് ഫലിപ്പിക്കാം. നാം ബലഹീനതയാലോ സൂക്ഷക്കുറവു മുഖാന്തിരത്താലൊ വല്ല പാപത്തിലും വീണുപോയാൽ ഉടനടി നമ്മുടെ നല്ല ദൈവത്തിൻ പക്കൽ വന്ന് നമുക്ക് മാപ്പപേക്ഷിക്കാം. താമസിക്കരുതേ; ദൈവം നമ്മെ പാർത്തിരിക്കുന്നു. വേഗം തന്റെ അടുക്കൽ നമുക്ക് ചെല്ലാം. നമ്മെ ഒരിയ്ക്കലും തള്ളിക്കളയുകയില്ല. "പാപികളുടെ സങ്കേതമായ മറിയമേ! നിന്നെ നോക്കി കരയുന്ന ആദത്തിന്റെ സന്തതികളായ ഞങ്ങളെ കരുണയോടേ കടാക്ഷിക്കണമേ."

റോമിൽ പ്രചാരത്തിലിരിക്കുന്ന ഒരു കഥയാണ് താഴെ ചേർക്കുന്നതു്. ലോകമഹായുദ്ധകാലത്തു് മുന്നണിയിൽ യുദ്ധംചെയ്തിരുന്ന ഒരു പടയാളിയുടെ കുടുംബം ദാരിദ്ര്യപീഡയിൽ അകപ്പെട്ടു. അതുകൊണ്ട് ഭാര്യ ഫ്രാൻസ്വാ ബനദിക്തോസ് മാപ്പാപ്പായുടെ അടുക്കൽ സഹായത്തിനപേക്ഷിച്ചു. ഉടൻതന്നെ മാപ്പാപ്പാ, ആവശ്യപ്പെട്ടതും അതിലധികവും കൊടുത്തു അവരെ സമാധാനപ്പെടുത്തി. ക്രിസ്തുവിന്റെ വികാരിയുടെ ഒരു പ്രത്യക്ഷ ശത്രുവായ ഭർത്താവു് വീട്ടിൽ വന്നപ്പോൾ തങ്ങൾക്കു ഭക്ഷണവും വസ്ത്രവും തന്നു സംരക്ഷിച്ചതാരാണെന്നു കുടുംബാംഗങ്ങൾ അയാളെ അറിയിച്ചു. ഈ സംഗതി, അയാൾ അറിയാതെതന്നെ അയാളുടെ മനസ്സിലും ഹൃദയത്തിലും ഒരു വലിയ മാറ്റം വരുത്തിക്കൂട്ടി. ഇദ്ദേഹമാണ് മുസ്സോലിനി.

പുണ്യവാൻ കടന്ന് കളഞ്ഞു.

(ഫാദർ ബനഡിക്ററ് ഒ. എഫ്. എം.)



വി. അന്തോനി ഫ്റാൻസിന്റെ ദക്ഷിണഭാഗത്തുകൂടി വേറെ പല സന്ന്യാസികളുടെ കൂട്ടത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭക്തയായ സ്ത്രീ അവരെ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. ഭക്ഷണത്തിനിടയിൽ വിശുദ്ധന്റെ കൂട്ടുകാരിലൊരുത്തൻ ഒരു വിശേഷമായ സ്ഥടികപാത്രം താഴെയിട്ടു പൊട്ടിച്ചുകളഞ്ഞു. ആ സ്ഥടികപാത്രം അന്നത്തെ ആവശ്യത്തിലേക്കായി ആ പാവപ്പെട്ട സ്ത്രീ വാങ്ങിയതായിരുന്നു. ഇതും പോരാഞ്ഞിട്ട് ആ തിരക്കിന്റെ ഇടയിൽ ആ സാധു സ്ത്രീ വീഞ്ഞെടുത്തതിന്റെശേഷം പീപ്പപോരം അടക്കാഞ്ഞതുനിമിത്തം അതിലുണ്ടായിരുന്ന വീഞ്ഞെല്ലാം പുറത്തുപോയി.

പുണ്യവാൻ ആ സ്ത്രീയുടെ പരിഭ്രമംകണ്ട് അലിവു തോന്നി അവൾക്കുവേണ്ടി പ്രാത്ഥിക്കാനാരംഭിച്ചു. ഉടൻതന്നെ അനേക കഷണങ്ങളായിക്കിടന്നിരുന്ന പാത്രം പൂർവ്വസ്ഥിതിയെ പ്രാപിച്ചു. സ്ഥടികപാത്രത്തിന്മേൽ ഒരു രേഖപോലും കാണ്മാനുണ്ടായിരുന്നില്ല. അവൾ കണ്ടതു് ശരിയാണോയെന്നറിവാൻ ആ പാത്രമെടുത്തു് നല്ലപോലെ കുലുക്കിനോക്കി. അവളുടെ സംശയമെല്ലാം തീർന്നു. അവൾ വീഞ്ഞുമുറിയിൽ ചെന്നു നോക്കിയപ്പോൾ അവളുടെ പ്രതീക്ഷയനുസരിച്ചു പീപ്പനിറച്ചു ദ്രാക്ഷാരസം ഇരിക്കുന്നതുകണ്ടു വിസ്മയിച്ചു.

ആ ഭക്തയായ സ്ത്രീ ഇതിനെല്ലാം നന്ദികാണിക്കേണ്ടതു് എപ്രകാരമാണെന്നു ആലോചിച്ചുകൊണ്ടു നില്ക്കുവെ മുഖസ്തുതിയോടുള്ള വെറുപ്പുകൊണ്ടും അത്ഭുതവാർത്ത നാടെങ്ങും പരക്കുമെ

ള്ള ഭയത്താലും ആ സ്ത്രീയോട് തന്റെ സല്ക്കാരത്തിനു നന്ദി പറഞ്ഞതിന്റെശേഷം പുണ്യവാൻ അവിടെനിന്നും കടന്നുകളഞ്ഞു.

ഈ മാസത്തിൽ തിരുഹൃദയഭക്തന്മാർ ചെയ്യേണ്ടതായ

പൊതുനിയോഗം.

യൗസേഫ്പിതാവിനോടുള്ള ഭക്തി.

നമുക്കു ലഭിക്കുന്ന നല്ല വിചാരങ്ങളെ നാം ഫലപ്രദമാക്കുന്നതിലാണ് പരിശുദ്ധാത്മാവിനോടുള്ള ഭക്തി പ്രത്യേകമായി അടങ്ങിയിരിക്കുന്നത്. നമ്മുടെ സൃഷ്ടി പ്രധാനമായി പിതാവിനെയും, പരിത്രാണം പ്രത്യേകമായി പുത്രനെയും, സംബന്ധിക്കുന്നതുപോലെ നമ്മുടെ വിശുദ്ധീകരണം യൗസേഫ്പിതാവിനെയാണ് വിശേഷവിധിയായി ആശ്രയിച്ചിരിക്കുന്നതു. നാം, അവിടുന്നു നമുക്കു നല്കുന്ന നല്ല വിചാരങ്ങളെ അനുസരിക്കുന്നതുകൊണ്ടു അങ്ങേ പ്രത്യേകവിധത്തിൽ ആരാധിക്കുന്നു. നമ്മുടെ എല്ലാ പ്രധാന പ്രവൃത്തികളുടെയും ആരംഭത്തിൽ നാം യൗസേഫ്പിതാവിന്റെ ദാനങ്ങളെ അഭ്യർത്ഥിക്കുകയിത്തീർന്നിട്ടുണ്ട്. ഇതു തിരുസ്സഭയിൽ പൂർവ്വകാലം മുതൽ നടപ്പുള്ള ഒരു ആചാരമാണ്. പരിശുദ്ധാത്മാവിന്റെ പ്രത്യേകാനുഗ്രഹത്താൽ ശ്ലീഹന്മാർ വിവിധ ഭാഷകളിൽ സംസാരിച്ചതായി നാം അപ്പസ്തോലന്മാരുടെ നടപടികളിൽനിന്നും അറിയുന്നു. യൗസേഫ്പിതാവിന്റെ ദാനങ്ങളും ദൈവതിരുമനസ്സിനു അനുയോജ്യമായ വിധത്തിൽ ജീവിതം നയിക്കുന്നതിനു നമ്മെ പ്രത്യേകം സഹായിക്കുന്നു. നമ്മുടെ എല്ലാ പ്രവൃത്തികളും ശുഭമായി കലാശിക്കുന്നതിനു നാം പ്രത്യേകം യൗസേഫ്പിതാവിന്റെ ദാനങ്ങളെ ആരംഭത്തിൽതന്നെ യാചിക്കേണ്ടതാണ്. അതുകൊണ്ടു എല്ലാവരും പരിശുദ്ധാത്മാവിനെ അറിഞ്ഞാരാധിച്ചു ഉൽകൃഷ്ടഫലങ്ങളും പ്രാപിക്കുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

മുറിവിനു ചികിത്സ.

മുറിവുപറ്റിയാൽ ആദ്യം ചെയ്യേണ്ടതു് മുറിഞ്ഞ ഭാഗം യഥാസ്ഥിതിയിൽ വെച്ചു പിന്നെ ഇളകാതെ ഉറപ്പിച്ചു പിടിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ അതിലും വളരെ പ്രധാനമായ ഒന്നു ചെയ്യാനുണ്ടു്. അതെന്തെന്നുവെച്ചാൽ മുറിവിൽനിന്നു വരുന്ന രക്തം നിറുത്തുകതന്നെ. എല്ലാ സ്ഥലത്തും ഒരുപോലെയല്ല മുറിഞ്ഞാൽ ചോര വരുന്നതു്. മർമ്മസ്ഥാനങ്ങളിലോ, ഞരമ്പററ്റിട്ടോ ഉള്ള മുറിവുകളിൽനിന്നു രക്തം നിപ്പുവാൻ വളരെ പ്രയാസമായിരിക്കും. ഒരൊറ്റത്തുള്ളി രക്തം അനാവശ്യമായി പോകുന്നപക്ഷം അതു ഒരു വലിയ നഷ്ടമായി ഗണിക്കേണ്ടതാണു്. ചോര അധികമായി സ്രവിച്ചുപോയാൽ ഭേദം വിളുത്തു തളർന്നുപോകയോ മരിച്ചുപോകയോതന്നെ ചെയ്യാൻ പ്രയാസമില്ല.

മുറിഞ്ഞ സ്ഥലം അമർത്തിപ്പിടിക്കുവാൻ സാധിക്കുന്നപക്ഷം അതാണു് എറ്റവുത്തിൽ രക്തം നിറുത്തുവാനുള്ള കൌശലം. ഭയങ്കരങ്ങളായ മുറിവുകളിൽ കൂടെക്കൂടെ അമർത്തിക്കൊണ്ടിരുന്നാലും, വിട്ടാൽ പിന്നെയും ചോര ധാരാളമായി വന്നുതുടങ്ങും. അവിടെ ഞാമ്പിന്റെ അഗ്രം പിന്നിലായി ചേർട്ടുകൊണ്ടു വെച്ചുറപിടിച്ചു കെട്ടേണ്ടിവരും.

ശീല കരിച്ച മഷി, മാരോടിന്റെ പൊടി, അട്ടക്കരി, പുറവുമണ്ണു്, പഞ്ചസാര, മാവില (ചുണ്ണാമ്പുചേർത്തു അരച്ചതു) ഇവയിലൊന്നു മുറിവിൽവെച്ചു അമർത്തിപ്പിടിച്ചാൽ പലപ്പോഴും അധികം ഫലം കിട്ടുവാൻ സംഗതിയാകും.

അപ്പൻ– "ചീത്തവാക്കു പറഞ്ഞതിനു് സാർ നിന്നെ പിടിക്കുടി ശിക്ഷിച്ചു അല്ലേ?"

തൊമ്മി– "അതേ, അപ്പോഴും ഞാൻ അതു് എവിടെനിന്നാണു് പഠിച്ചതെന്നു ചോദിച്ചു."

അപ്പൻ– "എന്നിട്ടു നീ എന്തുപറഞ്ഞു."

തൊമ്മി– അപ്പന്റെ അടുക്കൽനിന്നാണു് പഠിച്ചതെന്നു പറയുന്നതു് നന്നല്ലല്ലൊ. അതുകൊണ്ടു അതു് അമ്മയാണു് പഠിപ്പിച്ചതെന്നു ഞാൻ പറഞ്ഞു.

.....

അവൾ– "ഒരു പുരുഷനോടു് ഒരു സംഗതി പറഞ്ഞാൽ അതു ഒരു ചെവിയിൽകൂടി കേട്ടു് മറെറ ചെവിയിൽകൂടി പുറത്തുകളയും."

അവൻ– "ഒരു സ്ത്രീയോടു ഒരു കാര്യം പറഞ്ഞാൽ അതു രണ്ടു ചെവിയിലും വായിലുംകൂടെ പുറത്തുകളയും."

.....

മജിസ്ട്രേട്ടു– "പോലീസുകാരൻ നിങ്ങളോടു ലൈസൻസ് കാണിക്കുന്നതിനു അവശ്യപ്പെട്ടപ്പോൾ നിങ്ങൾ അയാളോടു മര്യാദകേടായി സംസാരിച്ചില്ലെന്നാണോ നിങ്ങൾ പറയുന്നതു്."

ഡ്രൈവർ– "യജമാനനേ, തീച്ചയായിട്ടും അങ്ങിനെതന്നെയാണു് ഞാൻ പറയുന്നതു്. ഞാൻ അയാളെ അറിഞ്ഞടത്തോളം അയാളുടെ ഭാഗ്യക്കു ഒരു വിധവയായിത്തീരുന്നതാണു വലിയ ഭാഗ്യം എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ."

കുറിപ്പുകൾ.

മംഗലപുരം മെത്രാനായി നാമകരണം ചെയ്യപ്പെട്ട നി. വ. ദിവ്യശ്രീ മൊൺസിഞ്ഞോർ റിക്കർ റൊസാരിയോ ഫെർണാണ്ടസ് അവർകളുടെ മെത്രാൻ പട്ടാഭിഷേകകർമ്മം ഇക്കഴിഞ്ഞ സെപ്തമ്പർ ൨൧-൦൯- തിയ്യതി മംഗലപുരം ഭദ്രാസന ദേവാലയത്തിൽവച്ചു ഭംഗിയായും മംഗളമായും നടന്നിരിക്കുന്നു. പ്രധാന കാർമ്മികൻ ഡെലിഗെററ് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടും സഹായകാർമ്മികന്മാർ കോഴിക്കോട്ട മെത്രാനായ ഡോക്ടർ പെരീനി തിരുമനസ്സുകൊണ്ടും മൈലാപ്പൂർ മെത്രാനായ ഡോക്ടർ ടെക്സ്സെയിരാ തിരുമനസ്സുകൊണ്ടുമായിരുന്നു. അഭിനവമെത്രാൻ തിരുമനസ്സിലേയ്ക്കു ഞങ്ങളും സർവ്വവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

ബഥനിത്തിരുമേനികളുടെ പുനരൈക്യവാർഷികം തിരുമുമ്പാകെവച്ചു് സെപ്തമ്പർ ൨൫-൦൯- സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. ഇപ്പോൾ രണ്ടു ശ്രുപതകളിലുമായി ഒരു മെത്രാപ്പോലീത്തായും, ഒരു മെത്രാനും, രണ്ടു വന്ദ്യന്മാരും, ഇരുപത്തൊമ്പതു് വൈദികരും, പട്ടക്കാരും ശമ്മാശ്ശന്മാരുമുൾപ്പടെ ഏതു സന്ന്യാസികളും, പത്തൊമ്പതു് സന്ന്യാസിനികളും, ഉദ്ദേശം മുപ്പായിരം ജനങ്ങളുമുണ്ടെന്നറിയുന്നു.

തിരുവല്ലാ സ്വദേശിയും നവീകരണ സഭാംഗവുമായ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് ആയിരുന്ന മി. തയ്യിന്റെ പ്രഥമപുത്രൻ മി. പുന്നൂസ് തയ്യിൻ ബി. എ. ഈയിടെ ആലപ്പുഴെ അമലോത്ഭവമാതാവിന്റെ ദേവാലയത്തിൽവച്ചു കത്തോലിക്കസഭയിൽ ചേർന്നിരിക്കുന്നു.

ചാത്യാത്തു് സെൻറു് ജോസഫ് കൊൺവെഷ്ൻ സൊസൈറ്റിയുടെ പരിശ്രമഫലമായി ഒക്ടോബർ ൧-൦൯- വടുതല സ്വദേശിയായ് ഒരു കൊങ്കണസമുദായാംഗം കത്തോലിക്കസഭയിൽ

ചേർന്നിരിക്കുന്നു. ഇതുകൂടാതെ വേറെ പലരും വേദപഠനം നടത്തിവരുന്നുണ്ട്. ഈ സംഘത്തിന്റെ വിജയത്തിനായി വായനക്കാരുടെ പ്രാർത്ഥന അപേക്ഷിതമായിരിക്കുന്നു.

"ഞാൻ മരിക്കേണ്ടിവന്നാലും മുസ്ലിമുങ്ങളും സിക്കുകാരുമൊഴിച്ചുള്ള മറ്റു ന്യൂനപക്ഷക്കാർക്കു പ്രത്യേക പ്രാതിനിദ്ധ്യം കൊടുത്തുകൂടാ എന്നു വാദിക്കും" എന്നു മി. ഗാന്ധി ലണ്ടനിലെ ഇന്ത്യൻ വിദ്യാർത്ഥികളുടെ സല്ക്കാരം സ്വീകരിച്ചപ്പോൾ ചെയ്ത പ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു!

കഴിഞ്ഞ സെപ്തമ്പർ ഏഴാംതീയതി ലൂർദിൽ രോഗികളുടെ പ്രദക്ഷിണം നടന്നുകൊണ്ടിരിക്കുമ്പോൾ വെയിത്സ് രാജകുമാരൻ വിമാനത്തിൽ അവിടെ എത്തുകയുണ്ടായി. തിരുമനസ്സുകൊണ്ടു പ്രദക്ഷിണം കാണുകയും, പരിശുദ്ധ കന്യാമറിയുടെ അശീർവ്വാദകർമ്മത്തിൽ സംബന്ധിക്കുകയും ചെയ്തു. അപ്പോൾ മഴപെയ്തുകൊണ്ടിരുന്നെങ്കിലും രാജകുമാരൻ വാഴ്ത്തു കഴിയുന്നതുവരെ മറ്റു ജനങ്ങളോടൊപ്പം മുട്ടിന്മേൽ നിൽക്കുകതന്നെചെയ്തു. തദനന്തരം തിരുമനസ്സുകൊണ്ടു ലൂർദിലെ മെഡിക്കൽ ബ്യൂറൊ സന്ദർശിക്കുകയും, അവിടെ നടക്കുന്ന രോഗശമനങ്ങളെ പരിശോധിക്കുന്ന സമർത്ഥമായ ഈ വൈദ്യസമിതിയെപ്പറ്റി പലതും മനസ്സിലാക്കുകയും, രോഗശമനങ്ങളുടെ വിവരത്തെപ്പറ്റി പ്രസ്തുത സമിതിയാൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകം സ്വീകരിക്കയുമുണ്ടായി.

തൃശ്ശൂർ ചാക്കോള പാലു ലോനപ്പന്റെ പ്രിയ പിതാവു് ഒക്ടോബർ പതിനാറാം വ്യാഴാഴ്ചയും, തേവരെ മനയത്തു വക്കോ മാനുവൽ മകൻ പതിനാറാം ഞായറാഴ്ചയും അന്തിമക്രമങ്ങളെല്ലാം കൈക്കൊണ്ടു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഇവരുടെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

SADHANA AUSADAHALAYA, DACCA.

— അപ്പ്രൈക്ഷൻ —

യോഗേശ ചന്ദ്ര ഗോസ്വ്, എം. എ , എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.
ഔഷധപ്പട്ടിക ആവശ്യക്കാർക്ക് വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചു കൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം) ത്രിദോഷങ്ങളും കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.
ഒരു ത്രുപാത്തുക്കത്തിന് ക. ർ.

ശാരിബ്വാദിസരസം. ഇതു് ഉണ്ണിപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.
ഒരു സേറിനു ക. ന.

സുഖര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ഉറു.

അബലബാന്ധവയോഗഃ- ഇതു സ്ത്രീകളുടെ അസുഖം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ഉറുതവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. റ. അമ്പതിന് ക. ഒ.
കൂടുതൽ വിവരത്തിനു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

നിലക്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ രു മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സൂചിപ്പിക്കാതെ പറയാം.
ഒരു കുപ്പിക്ക വില ക. റ-ഉറ-ം.

കാസശ്വാസ നിവാരണി.

നിങ്ങൾ പലെ ഔഷധങ്ങളും ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. നീച്ചയായിട്ടും സുഖം കിട്ടും.
കുപ്പി ഒന്നിനു ക. ർ-വ ം.

പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണ സുഖമാകുന്നതാണ്.
ഒരു കുപ്പിക്ക വില ക. ർ-ഉറ-ം.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ തരം രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉണ്ണിപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ട്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറുകൾ കിട്ടീട്ടുണ്ട്.

പൊതു ആൻഡ് കമ്പനി, കെമിസ്റ്റുകൾ,
നമ്പർ ഉഉ, കോഴിക്കോട്ട്, മലബാർ.

Reg. No. C. 130.

നവംബർ 1931.

ക	1	ഞാ. ✠	സകല പരിശുദ്ധ.
ഖ	2	തി.	സകല മരിച്ച വിശ്വാ.
ഗ	3	ചൊ.	വി. മലാക്കി.
ഘ	4	ബു.	വി. കാർലൊസ്.
ങ	5	വ്യാ.	വി. സക്കറിയാ.
ച	6	വെ.	വി. ലെയൊനാർഡ്.
ഛ	7	ശ.	വി. പ്രോസ് ഷോച്ചിനു.
ജ	8	ഞാ. ✠	വി. ഒവൂസ് തെലി.
ഝ	9	തി.	വി. ഓസ് തേസ്.
ഞ	10	ചൊ.	വി. അന്ത്രയോ. അവെ.
ട	11	ബു.	വി. മർത്തീനൊസ് ഒ.
ഠ	12	വ്യാ.	വി. മഞ്ജീനൊസ് ഫ.
ഡ	13	വെ	വി. സ്റ്റാനിസ്ലാവൂസ്.
ഢ	14	ശ.	വി. ജോസഫാത്ത് ക.
ണ	15	ഞാ. ✠	വി. ഇയ്യൂപ്.
ത	16	തി.	വി. എഡ്മണ്ഡ്.
ഥ	17	ചൊ.	വി. മറ്റ് മറി അല.
ദ	18	ബു.	വി. റൊമാനൂസ്.
ധ	19	വ്യാ.	വി. എലിസബത്ത്.
ന	20	വെ.	വി. ഫേലിക്സ്.
പ	21	ശ.	വി. എ. ഓ. കെ. മറി പ്രസന്റേഷ്യ.
ഫ	22	ഞാ. ✠	വി. സിസീലിയാ ക.
ബ	23	തി.	വി. ക്ലെമന്റ് പാ.
ഭ	24	ചൊ.	വി. യോഹ. ക്രൂസ്.
മ	25	ബു.	വി. കത്രീനാ.
യ	26	വ്യാ.	വി. പീറ്റർ ഒ.
ര	27	വെ.	വി. യാക്കൂ.
ല	28	ശ.	വി. ഗ്രേഗ്.
വ	29	ഞാ. ✠	നന്ദി ദിവ.
ശ	30	തി.	വി. ആന്ത്രയാസ് ശ്ലീ.

✠ എവയ്ക്കും കടപ്പാടുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM.